# ദി ഡിഫെൻഡർ

Vol. No. 12 Issue No. 3 RNI Reg. No. 68089 / 97 Published From Perumbavoor 2009 February 1 Price: Rs.100/- P.A.

# വേദവിപരീതങ്ങളുമായി എം.എസ്.സാമുവൽ രംഗത്ത്

എം.എസ്.സാമുവൽ എന്ന വിവരദോഷി കുമ്പനാട് കൺവൻഷനിൽ വേദവിപരീതം പ്രസംഗിച്ചു. ജനുവരി 16-ാം തീയതി വൈകിട്ടു നടന്ന മീറ്റിംഗിലാണ് ഈ വിദ്വാൻ പമ്പര വിഡ്ഢിത്തം എഴുന്നെള്ളിച്ചത്.

എബ്രാ.1:1ൽ ''ദൈവം പണ്ടു ഭാഗം ഭാഗമായും വിവിധമായും പ്രവാചകൻമാർമുഖാന്തരം പിതാക്കൻമാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്തു പുത്രൻമുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു'' എന്നു പറഞ്ഞിരിക്കുന്നത് ഉദ്ധരിച്ചിട്ടാണ് വിവരക്കേടിനു തിരി കൊളുത്തിയത്. 'ദൈവം പണ്ടു ഭാഗം ഭാഗമായും വിവിധമായും' അരുളിച്ചെയ്തത് എബ്രായരുടെ പിതാക്കൻമാരോടാണെന്ന വസ്തുത അവഗണിച്ചിട്ട് ഇയാൾ കാടുകയറി.

യേശുവിനേക്കുറിച്ചുള്ള പ്രവചനം ബൈബിളിൽ മാത്രമല്ല ഉള്ളത് എന്ന് ഇയാൾ പ്രഖ്യാപിച്ചു. വിശുദ്ധ ഖുറാനിൽ യേശുവിന്റെ കന്യാജനനത്തേക്കുറിച്ചു പറയുന്നു. കൂടാതെ, യേശു ദൈവപുത്രനാണെന്നും ദൈവമാണെന്നും ഖുറാനിൽ പറയുന്നുണ്ടെന്ന് ഈ വിദ്വാൻ കണ്ടുപിടിച്ചു. യേശു ജനിച്ച് ആറു നൂറ്റാണ്ടു കഴിഞ്ഞ് എഴുതിയ ഖുറാനിൽ യേശുവിനേക്കുറിച്ചു പറയുന്നതിൽ എന്താണ് അത്ഭുതമെന്നറിഞ്ഞുകൂടാ. പക്ഷേ യേശു ദൈവപുത്രനാണെന്നും യേശു ദൈവമാണെന്നും പറയുന്ന ഖുറാൻ ഇയാൾ സ്വന്തമായി അച്ചടിച്ചുണ്ടാക്കിയതാകാനേ വഴിയുള്ളൂ.

ഖുറാനേക്കുറിച്ചു പറഞ്ഞശേഷം ഇയാൾ വേദത്തിലേക്കു കടക്കുന്നു. 'വിശുദ്ധ വേദങ്ങൾ' എന്നാണ് ഇയാൾ പറയുന്നത്. തുടർന്നു പറയുന്നതെല്ലാം ശുദ്ധ വിവരക്കേടാണ്. വേദങ്ങൾ ഒരുവട്ടമെങ്കിലും വായിച്ചിട്ടുള്ള



ആരും ഇത്തരം വിവരക്കേടു പറയുകയില്ല. അരവിന്ദാക്ഷമേനോൻ എന്ന മഹാകള്ളൻ അനുഭവസാക്ഷ്യമെന്ന പേരിൽ പറഞ്ഞത് അതേപടി ഛർദ്ദിക്കയാണ് എം.എസ്.സാമുവൽ.

ഋഗ്വേദത്തിൽ മനുഷ്യനേപ്പോലെ തോന്നുന്ന ഒരു ദൈവത്തേക്കുറിച്ചു പറയുന്നുണ്ടത്രേ. ഈ വ്യക്തി മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കായി യാഗമായെന്നും ഋഗ്വേദത്തിൽ ഉണ്ടത്രേ. എവിടെ? അത് എം.എസ്.ശാമുവൽ പറയുന്നില്ല. കാരണം, അരവിന്ദാക്ഷമേനോനും ഋഗ്വേദത്തിൽ എവിടെയാണ് ഇങ്ങനെയുള്ളതെന്നു പറയുന്നില്ല. (ഇങ്ങനെയൊന്നും ഋഗ്വേദത്തിലില്ല മാളോരേ).

എം.എസ്.സാമുവൽ അവിടംകൊണ്ടും നിർത്തുന്നില്ല. ഈ പുരുഷന് ഏഴു ലക്ഷണങ്ങളുണ്ടെന്ന് യജുർവേദത്തിൽ പറയുന്നുണ്ടത്രേ. (സാമവേദത്തിലെന്നാണ് മേനോൻ പറഞ്ഞിട്ടുള്ളത്). പക്ഷേ വേദത്തിലെന്നല്ല ഒരു ഹൈന്ദവ ഗ്രന്ഥത്തിലും ഇങ്ങനെ പറയുന്നില്ല എന്നതാണ് സത്യം. പക്ഷേ മേനോൻ പറഞ്ഞതെല്ലാം സത്യമാണെന്നു കരുതി പ്രസംഗം പൊടിപൊടിക്കുന്ന ഈ ശുംഭന് സത്യമെന്തായാലും പ്രശ്നമല്ല.

മനുഷ്യരക്ഷക്കായി യാഗമാകുന്ന ഈ പുരുഷന്റെ ലക്ഷണങ്ങൾ ഇവയാണത്രേ:

1. അവൻ മുൾമുടി ചൂടണം. 2. അവന്റെ കൈകളിൽ ആണിയടിക്കണം. 3. അവന്റെ അസ്ഥികൾ ഒടിയരുത്. 4. അവനെ കൈപ്പുനീർ കുടിപ്പിക്കണം. 5. അവന്റെ വസ്ത്രം പകുത്തെടുക്കണം. 6. അവന്റെ മാംസം ഭക്ഷിക്കണം. 7. അവന്റെ രക്തം കുടിക്കണം.

വേദത്തിൽ എവിടെയാണ് ഇങ്ങനെയൊക്കെ എഴുതിയിരിക്കുന്നത്? അത് ഈ മഹാപണ്ഡിതൻ പറയുന്നില്ല. ഏതായാലും ഹൈന്ദവ വേദങ്ങളിൽ ഇതൊന്നും നാം കണ്ടെത്തുകയില്ല. ഇവന്റെ അമ്മേടെ അപ്പൻ കുഴിയിൽ നിന്ന് എഴുന്നേറ്റുവന്ന് പുതിയ വേദങ്ങൾ വല്ലതും എഴുതിയിട്ടുണ്ടെങ്കിൽ ഡിഫെൻഡറിനു പരാതിയുമില്ല.

ഈ ഭോഷ്ക്കെല്ലാം ഇയാൾ കൺവൻഷൻ സ്റ്റേജിൽ നിന്നു വിളിച്ചു പറഞ്ഞിട്ടും മറുത്തൊരു വാക്കു പറയാൻ ആളുണ്ടായില്ല. എവിടെയാണ് ഇങ്ങനെയൊക്കെ എഴുതി വച്ചിരിക്കുന്നതെന്നു ചോദിക്കാൻപോലും ആരുമില്ലായിരുന്നു. പെന്തക്കോസ്ത് ഇത്ര അധ:പതിച്ചിരിക്കുന്നു.

മോനായിക്കു പിൻതുണ കൊടുക്കുന്നത് എം.എസ്.സാമുവൽ ആണെന്നറിഞ്ഞപ്പോൾത്തന്നെ ഇയാൾ ചെകുത്താന്റെ സന്തതിയാണെന്ന് ഊഹിച്ചിരുന്നു. പക്ഷേ ഇത്ര വലിയ ശുംഭനാണെന്ന് ഇപ്പോഴാണറിയുന്നത്. ഐ.പി.സിയുടെ പ്രസിഡന്റാകാൻ കച്ചകെട്ടി ഇറങ്ങിയിരിക്കയാണ് ഇപ്പോൾ ഈ പമ്പരവിഡ്ഢി. (ഈ പ്രസംഗം നേരിൽ കേൾക്കാനാഗ്രഹിക്കുന്നവർ സന്ദർശിക്കുക: tsbalan.com/youtube.html)

# ദേവും കൊളുത്തി നിലവിളക്ക്



കുപ്രസിദ്ധ അവസരവാദിയായ ജെ.സി.ദേവ് നിലവിളിക്കു കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു. 2008 ഡിസംബർ 30ന് മാന്നാർ സെന്റ് ജോർജ് നഗറിൽ പണിയർക്കുള്ള പുതിയനിയമം പ്രകാശനം ചെയ്യാനായി ചേർന്ന സമ്മേളനമാണു ദേവ് നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തത്. ജെ.സി.ദേവ് ഇപ്പോൾ ഐ.പി.സി അംഗമാണ്. നിലവിളക്കു കൊളുത്തി ബൈബിൾ സൊസൈറ്റിയുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത ടി.എസ്.ഏബ്രഹാമിന്റെ മാതൃക പിൻതുടർന്നാണ് ജെ.സി.ദേവും നിലവിളക്കു കൊളുത്തിയത്.

ഏതു ദുരുപദേശത്തേയും പിൻതുണയ്ക്കാൻ മടിയില്ലാത്ത ജെ.സി.ദേവ് മൂന്നു പതിറ്റാണ്ടു മുൻപ് പെന്തക്കോസ്തുകാരനായിരുന്നു. പെന്തക്കോസ്തിലുള്ള ആരോ ചിലർ കൊഞ്ഞനംകുത്തിയെന്നോ മറ്റോ ആരോപിച്ച് ഇയാൾ പിന്നീട് ബ്രദറൻ സഭയിൽ ചേർന്നു. കിടക്കാടം ഉൾപ്പെടെയുള്ള എല്ലാ ഭൗതീക നേട്ടങ്ങളും ഇയാൾക്കു ലഭിച്ചത് ബ്രദറൻ സഭാംഗങ്ങളുടെ സഹായത്താലാണ്. അവിടെനിന്നു കിട്ടാവുന്നതെല്ലാം കിട്ടി എന്നു ബോദ്ധ്യമായപ്പോൾ ഇയാൾ വീണ്ടും കാലുമാറി പെന്തക്കോസ്തിൽ എത്തി. കൺവൻഷൻ സ്റ്റേജുകൾ, വിദേശ യാത്രകൾ തുടങ്ങിയതൊക്കെ തരപ്പെടും എന്ന പ്രതീക്ഷയിലാണ് പെന്തക്കോസ്തിൽ തിരിച്ചെത്തിയതെങ്കിലും പ്രതീക്ഷിച്ചതുപോലുള്ള സ്വീകരണം ദേവിനു ലഭിച്ചില്ല. വല്ലപ്പോഴും ഒരു പ്രോഗ്രാം ലഭിച്ചാൽ ഭാഗ്യം എന്നതാണ് ഇപ്പോഴുള്ള സ്ഥിതി.

കൊടിയ ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്ന കോശി ഏബ്രഹാമിനെ ഉൾപ്പെടെ നിരവധി വേദവിപരീതികളെ ദേവ് പിൻതുണച്ചിട്ടുണ്ട്. പണം കിട്ടിയാൽ എത്ര വലിയ ദുരുപദേശങ്ങളടങ്ങിയ പുസ്തകത്തിനും ദേവ് അനുമോദനവും അവതാരികയും എഴുതും. യൂദാ 30 വെള്ളിക്കാശിന് കർത്താവിനെ വിറ്റു. ഈ നീചൻ അതിന്റെ പകുതി വിലയ്ക്ക് പരിശുദ്ധാത്മാവിനെ വരെ വിറ്റു. എന്നിട്ടും ഗതിപിടിച്ചില്ല.

അങ്ങനെ ഒരു പണിയുമില്ലാതെ ഇരിക്കുമ്പോഴാണ് പണിയ ബൈബിൾ പ്രകാശനം ചെയ്യാൻ ഐ.ഡി.സി.എഫ് എന്ന കൾട്ട് ഗ്രൂപ്പ് ദേവിനെ ക്ഷണിച്ചത്. അച്ചൻകുഞ്ഞ് ഇലന്തൂരും ഒപ്പം കൂടി. അങ്ങനെ ദേവ് മാന്നാറിലെത്തി സമ്മേളനം നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. നിലവിളക്കിന്റെ മുകളിൽ ഒന്നാംതരം ഒരു മാനിക്കേയൻ കുരിശുള്ളതിനാൽ ഹൈന്ദവരുടെ നിലവിളക്കാണെന്നു പറയാനുമാവില്ല. സാധനം മാനിക്കേയൻ മതത്തിന്റെ വകയാണെന്ന് മിക്കവർക്കും അറിഞ്ഞുകൂടാത്തതുകൊണ്ട് പ്രശ്നവുമില്ല. ഡിഫെൻഡർ സത്യം മാലോകരെ അറിയിക്കുന്നു എന്നതു മാത്രമാണ് ഏക ബുദ്ധിമുട്ട്.

## പകൽക്കാലം

നമ്മുടെ എഴുത്തുകാരുടെ കൂട്ടത്തിൽ അച്ചായന്റെ പേരു വിവരം കൂടെ ഒന്നു ചേർക്കണമായിരുന്നു..



ചർച്ച് ഓഫ് ഗോഡ് ചരിത്ര പുസ്തകത്തിൽ എഴുത്തുകാരേക്കുറിച്ചും ഒരദ്ധ്യായം: (വാർത്ത)

# പി.വൈ.പി.എ. ഇലക്ഷൻ അനന്തമായി നീളുന്നു

'ഒരു നിശ്ചയമില്ലയൊന്നിനും' എന്നു കവി പാടിയതുപോലെയാണ് പി.വൈ.പി.എ ഇലക്ഷന്റെ കാര്യം. ഈ കലാപരിപാടി എപ്പോൾ നടക്കുമെന്ന് ഒരു നിശ്ചയവുമില്ല.

2009 ജനുവരി 26ന് ഇലക്ഷൻ നടത്താനായിരുന്നു ആദ്യം പദ്ധതിയിട്ടിരുന്നത്. പക്ഷേ നിലവിലുള്ള ഭാരവാഹികൾക്ക് അഹിതരായ ചിലർ മത്സര രംഗത്തുണ്ടെന്നറിഞ്ഞതോടെ ഇലക്ഷൻ പ്രഖ്യാപിക്കുന്നത് അനന്തമായി നീട്ടുകയായിരുന്നു. ഇലക്ഷൻ നീട്ടിവച്ചതുകൊണ്ട് അഹിതരെ എങ്ങനെ ഒഴിവാക്കാൻ കഴിയും എന്നു ചോദിച്ചേക്കാം. ഹാ, ബുദ്ധിഹീനരേ, നിങ്ങൾക്ക് ഐ.പി.സിയേക്കുറിച്ച് എന്തറിയാം!

പി.വൈ.പി.എ ഭാരവാഹിയാകുന്നതിനുള്ള പരമാവധി പ്രായം 35 വയസ്സാണ്. ഭാരവാഹി ആകാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്നവരിൽ ചിലർക്ക് ഇപ്പോൾ 35 വയസ്സുണ്ട്. പക്ഷേ ഇലക്ഷൻ ഏതാനും മാസങ്ങൾ താമസിച്ചാൽ ഇവരുടെ പ്രായം അതിരു കടക്കുമെന്ന് തല്പര കക്ഷികൾ ഗവേഷണം ചെയ്തു കണ്ടുപിടിച്ചു. അങ്ങനെയാണ് ഇലക്ഷൻ ചില മാസങ്ങൾ താമസിപ്പിക്കുവാൻ തീരുമാനമായത്.

കുറഞ്ഞപക്ഷം മാർച്ചിലെങ്കിലും ഇലക്ഷൻ നടക്കണം. പക്ഷേ അഹിതൻമാർക്കെല്ലാം പ്രായം കൂടി എന്ന് ഉറപ്പാക്കിയ ശേഷം മാത്രമേ ഇലക്ഷൻ പ്രഖ്യാപിക്കൂ എന്ന വാശിയിലാണ് ഇപ്പോഴത്തെ ഭാരവാഹികൾ. പി.വൈ.പി.എ ഭാരവാഹിത്വം ഐ.പി.സിയുടെ നേതൃത്വത്തിലേക്കുള്ള ചവിട്ടുപടിയാണെന്ന് കഴിഞ്ഞ കാല സംഭവങ്ങൾ വ്യക്തമാക്കുന്നു. അതാണ് മത്സരം ഇത്ര കടുക്കാൻ കാരണം.

## പ്രത്യേക ശ്രദ്ധക്ക്

ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ സന്ദർശകരുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുകയാണ്. ഇതുമൂലം പലപ്പോഴും ബാന്റ് വിഡ്ത്ത് തികയാതെ വരുക പതിവാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിൽ പുതിയ ഒരു വെബ്സൈറ്റ് കൂടി ആരംഭിക്കുകയാണ്. ഈ ലക്കം മുതൽ ഡിഫെൻഡർ രണ്ടു വെബ്സൈറ്റുകളിൽ ലഭിക്കും.

**www.tsbalan.com**
**www.tsbalan.org**

## ഫോൺ നമ്പറിൽ മാറ്റം

റ്റി.എസ്.ബാലന്റെ മൊബൈൽ നമ്പർ മാറി.

പുതിയ നമ്പർ: 9656432921

ലാന്റ്ലൈൻ നമ്പറിൽ മാറ്റമില്ല.

ദി ഡിഫെൻഡർ
Vol. No.12 Issue No.3 2009 February 1

# വെള്ളമില്ലാത്ത മേഘങ്ങൾ

ദൈവദാസൻമാരുടെ വേഷം ധരിച്ച് ദൈവസഭയിൽ കടന്നുകൂടിയിട്ടുള്ള വ്യാജൻമാരെ യൂദാ 'കാറ്റുകൊണ്ടോടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ' എന്നാണു വിളിക്കുന്നത്. മേഘത്തിൽ നിന്ന് ഏവരും വെള്ളം പ്രതീക്ഷിക്കുന്നു. പക്ഷേ ഈ മേഘങ്ങൾ വെറും വന്ധ്യമേഘങ്ങളാണ്. ഇവയിൽ നിന്നു മഴയുണ്ടാകുകയില്ല. ഇത്തരം മേഘങ്ങളിൽ പ്രതീക്ഷയർപ്പിച്ചു കാത്തിരിക്കുന്നവർ നിരാശരാകും.

ഐ.പി.സി, ശാരോൻ, ചർച്ച് ഓഫ് ഗോഡ്, എ.ജി തുടങ്ങിയ പ്രമുഖ പെന്തക്കോസ്ത് സംഘടനകളുടെയെല്ലാം ജനറൽ കൺവെൻഷനിൽ ഇതായിരുന്നു സ്ഥിതി. ഏറെ പ്രതീക്ഷയോടെ ജനം വന്നു. ശക്തമായ ആത്മമാരിയുണ്ടാകും എന്ന പ്രതീക്ഷയുമുണ്ടായിരുന്നു. പക്ഷേ ഒന്നും നടന്നില്ല. കാറ്റടിച്ചപ്പോൾ മേഘങ്ങൾ അപ്രത്യക്ഷമായി. മഴയ്ക്കായി പ്രതീക്ഷിച്ചവർ നിരാശരായി.

എന്താണ് പെന്തക്കോസ്തിനു പറ്റിത്? ഈ ചോദ്യത്തിനു യൂദാ ഉത്തരം നൽകുന്നുണ്ട്: 'കയീന്റെ വഴിയിൽ നടക്കുകയും കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നേ ഏല്പിക്കുകയും കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകുകയും ചെയ്യുന്ന' നേതാക്കൻമാരാണ് ഈ ദുരവസ്ഥയ്ക്കു കാരണം. ദൈവപ്രസാദം പ്രാപിച്ച സഹോദരനോട് അസൂയപ്പെടുകയും അവനെ തന്ത്രപൂർവ്വം കൊല്ലുകയും ചെയ്യാൻ ഇവർക്കു മടിയില്ല. ഇവരുടെ നോട്ടം കൂലിയിലാണ്. കൂലി കിട്ടിയാൽ അവർ ദൈവജനത്തെ നശിപ്പിക്കാനുള്ള വിദ്യ ശത്രുവിനുപദേശിച്ചു കൊടുക്കും. നമ്മുടെ സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകളാണിവർ. ഇവരിൽ ആത്മീയ ഫലങ്ങൾ ഇല്ലെന്നു മാത്രമല്ല ഇനിയൊരിക്കലും ഉണ്ടാകാത്തവിധം വേരറ്റവരുമാണിവർ. ലജ്ജയായതിൽ ഇവർക്കു മാനം തോന്നുന്നു. വ്യഭിചാരം, മോഷണം തുടങ്ങിയതൊക്കെ സ്ഥിരം തൊഴിലാക്കിയ ഈ നേതാക്കൻമാർ ചുമ്മാഡോയും റവയും മറ്റുമായി നടക്കുകയാണ്. നാണം എന്ന വാക്കിന്റെ അർത്ഥം പോലും ഈ ഇരുട്ടിന്റെ സന്തതികൾക്ക് അറിഞ്ഞുകൂടാ.

ഇങ്ങനെയൊക്കെയാണെങ്കിലും ഇവർ പെന്തക്കോസ്ത് സംഘടനകളുടെ നേതാക്കൻമാരാണ്. ഇവർ പറയുന്നതൊക്കെ വേദവാക്യങ്ങളുമാണ്. ഇവരില്ലെങ്കിൽ കൺവൻഷനില്ല, പെന്തക്കോസ്തുമില്ല. ഇവർക്കെതിരെ ശബ്ദിച്ചാൽ പെന്തക്കോസ്തിൽ നിന്ന് ഔട്ടാകും. പ്രധാന കൺവെൻഷനുകളിലെല്ലാം പ്രസംഗിക്കുന്നത് ഈ സർപ്പസന്തതികളാണ്. വലിയ ആത്മീയ ഉണർവ്വും അനുഗ്രഹവും മറ്റും ലഭിക്കുമെന്ന പ്രത്യാശയോടെ പാവം വിശ്വാസികൾ കൺവെൻഷൻ പന്തലിലെത്തുന്നു. പക്ഷേ ഒന്നും ലഭിക്കാതെ മടങ്ങേണ്ടതായും വരുന്നു. വളച്ചുകെട്ടാതെ പറഞ്ഞാൽ ആത്മീയ ഷണ്ഡൻമാരായ ഈ മുതുകാളകൾ വെറുതെ പശുക്കളെ മിനക്കെടുത്തുകയാണ്.

# സത്യം സത്യമായി

ശപിക്കാൻ കഴിവുള്ള ഏതെങ്കിലും എം.പി ഈ ഭൂമിമലയാളത്തിലെന്നല്ല ഈ രാജ്യത്തെവിടെയെങ്കിലുമുണ്ടെന്ന് ഡിഫെൻഡർ കരുതിയില്ല. പക്ഷേ അങ്ങനെയൊരാൾ ഉണ്ടെന്ന് ഇതാ തെളിഞ്ഞിരിക്കുന്നു. സാധുവായ തന്നെ ഉപദ്രവിക്കുന്നവരോട് പടച്ചവൻ ചോദിച്ചുകൊള്ളുമെന്ന് അബ്ദുള്ളക്കുട്ടി എം.പി പറഞ്ഞ് ഒരാഴ്ച തികയുന്നതിനു മുൻപ് ലാവ്‌ലിൻ കേസ്സിന്റെ റിപ്പോർട്ട് എത്തി. പിണറായി വിജയൻ പ്രതിയാണെന്ന് വ്യക്തമാകുകയും ചെയ്തു. അബ്ദുള്ളക്കുട്ടിയുടെ ശാപം ഫലിച്ചു എന്നതിനു വേറെ തെളിവു വേണ്ടല്ലോ.

ഇനി എന്തുചെയ്യും എന്ന ചോദ്യത്തിന് അബ്ദുള്ളക്കുട്ടിക്കു വ്യക്തമായ ഉത്തരമുണ്ട്: ''പട്ടാളത്തിൽ ചേരും'' എന്നാണ് എം.പിയുടെ മറുപടി. തമാശയാണെന്നു തോന്നുമെങ്കിലും സംഗതി സത്യമാണ്. അബ്ദുള്ളക്കുട്ടി ടെറിട്ടോറിയൽ ആർമിയിൽ ചേരുകയാണ്. 42 വയസ്സുവരെയുള്ള ബിദുദധാരികൾക്ക് ടെറിട്ടോറിയൽ ആർമിയിൽ ചേരാം. ചില പരീക്ഷകളും മറ്റും പാസ്സാകണമെന്നുമാത്രം. മോഹൻലാലും കപിൽദേവും ഈ വഴിക്കു നീങ്ങുകയാണ്. ഏതാനും മാസത്തെ ട്രെയിനിംഗിനുശേഷം വർഷത്തിൽ രണ്ടുമാസമെങ്കിലും ഡ്യൂട്ടിയുണ്ടാകും. ആർമിയിലെ ഓഫീസർമാർക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ആ സമയത്തു ലഭിക്കും. സംഗതി മോശമല്ല എന്നു ചുരുക്കം.

മൗനം വിദ്വാനു ഭൂഷണമാണെന്ന കാര്യം ഏവർക്കുമറിയാം. പക്ഷേ മാനം മുഖ്യമന്ത്രിക്കു ഭൂഷണമാകുമെന്ന് ഇപ്പോഴാണ് അറിയുന്നത്. മുഖ്യമന്ത്രി ആവശ്യത്തിലധികം സംസാരിക്കുന്നു എന്ന പരാതിയാണ് അടുത്ത കാലം വരെ ഉണ്ടായിരുന്നത്. പക്ഷേ ഇപ്പോൾ മുഖ്യമന്ത്രി മിണ്ടുന്നില്ല എന്നാണു പരാതി. മിണ്ടിയാൽ കുഴപ്പം, മിണ്ടിയില്ലെങ്കിലും കുഴപ്പം. ഇങ്ങനെ തുടങ്ങിയാൽ മുഖ്യമന്ത്രി കറങ്ങിപ്പോകും. ഏതായാലും മുഖ്യമന്ത്രിയുടെ മൗനത്തെ 'പൊട്ടൻ പിണ്ണാക്കു തിന്നതുപോലെ' എന്നുപമിച്ച കുഞ്ഞാലിക്കുട്ടിയുടെ കലാബോധം അസ്സലായി എന്നു പറയാതെവയ്യ. 'അന്ത പിണ്ണാക്കിന് ഇന്ത പുട്ട്' എന്നു പറയാൻ തോന്നിപ്പോകുന്നു.

ലാവ്‌ലിൻ കേസ്സിനെ രാഷ്ട്രീയമായി നേരിടും എന്നു പറഞ്ഞതു നന്നായി. നിയമപരമായി നേരിടും എന്നാണു പറഞ്ഞതെങ്കിൽ കാര്യം കുഴയുമായിരുന്നു. പക്ഷേ നേരിടുന്നതു രാഷ്ട്രീയമായിട്ടായതുകൊണ്ട് അടി, ഇടി, വെടി തുടങ്ങിയവയൊക്കെക്കൊണ്ട് പ്രശ്നം പരിഹരിക്കാമല്ലോ.

കരുണാകർജിക്ക് രാജ്യസഭാസീറ്റ് ചോദിച്ച് ഐ ഗ്രൂപ്പുകാർ ഡൽഹിക്കു പോയ കാര്യം ലീഡർജി അറിഞ്ഞതേയില്ല. പണ്ടു മുരളിക്കു കോഴിക്കോടു സീറ്റ് കൊടുക്കാൻ തീരുമാനിച്ചതും ലീഡർജി അറിഞ്ഞിരുന്നില്ല. അന്നു മൂത്രമാണ് രക്ഷയ്ക്കെത്തിയത്. ഇത്തവണത്തെ അറിവില്ലായ്മ ഏതു വിധത്തിലാണുണ്ടായതെന്നുകൂടി പറഞ്ഞാൽ നന്നായിരുന്നു. ഏതായാലും ലീഡർജിക്കു സീറ്റ് കിട്ടുമോ എന്ന് ഇതെഴുതുന്ന സമയത്തു വ്യക്തമല്ല.

പിതാവിന്റെ അറിവോ സമ്മതമോ കൂടാതെ പുത്രിജിയും ഡൽഹിക്കു പറന്നു. എന്തിന്? സോണിയാജിയെ കാണാൻ. കാണുകയും ചെയ്തു. എന്നിട്ട് എന്താണു സംസാരിച്ചത്? പിതാജിക്ക് സീറ്റ് കൊടുക്കുന്ന കാര്യം സംസാരിച്ചതേയില്ലത്രേ. പിന്നെ എന്താണു സംസാരിച്ചത്? കേരളത്തിലെ രാഷ്ട്രീയ സ്ഥിതിഗതികളേക്കുറിച്ചു സംസാരിച്ചു. ഇത്തവണ കേരളം രക്ഷപ്പെടുമെന്നതിന് ഇനി സംശയം വേണ്ട. ചേട്ടൻജിയുടെ പാർട്ടിയെ യു.ഡി.എഫിൽ എടുക്കരുതെന്നു പറഞ്ഞെന്ന് ഒരു കിംവദന്തിയുണ്ട്. സംഗതി ശരിയാണോ മാഡം?

മല എലിയെ പ്രസവിച്ചു എന്നു പറഞ്ഞതുപോലെയായി തൃക്കുന്നത്തു സെമിനാരി പ്രശ്നം. ഇരുകൂട്ടരും വാശിയിലായിരുന്നു. എന്തു വില കൊടുത്തും അവകാശങ്ങൾ നേടിയെടുക്കും എന്നു പ്രഖ്യാപിക്കയും ചെയ്തിരുന്നു. പക്ഷേ സർക്കാർ പറഞ്ഞതുപോലെ ഇരുപക്ഷവും ചെയ്തതുകൊണ്ട് പത്രോസും തോമസും തമ്മിൽ അടിയുണ്ടായില്ല. ഇരുപക്ഷവും വെവ്വേറെ സമയങ്ങളിൽ പ്രാർത്ഥിച്ചു നിർവൃതിയടഞ്ഞു.

സഭാസ്വത്തുക്കൾ ട്രസ്റ്റുകളുടെ നിയന്ത്രണത്തിലാക്കാൻ പോകുന്നു എന്നു കേട്ടതോടെ പട്ടത്വ സഭകളിലെ നേതാക്കൻമാരുടെ നെഞ്ചു മാത്രമല്ല പരിശുദ്ധ പെന്തക്കോസ്ത് സഭകളിലെ നേതാക്കന്മാരുടെ നെഞ്ചും അത്യുഗ്രമായി ഇടിക്കാൻ തുടങ്ങിയിട്ടുണ്ട്. ചക്രായുധം വിശ്വാസികളുടെ കൈയ്യിലായാൽ നേതാക്കൻമാർ ചക്രം പോലെ കറങ്ങും എന്നതുതന്നെ കാരണം. പക്ഷേ ഇത്തരമൊരു നിയമം നിർമ്മിക്കാനുള്ള ചങ്കൂറ്റം ഈ സർക്കാരിനുണ്ടാകുമോ എന്നു കണ്ടറിയണം.

ഹാരി ഗോംസ് വീണ്ടും കേരളത്തിലെത്തുന്നു. കോട്ടയത്തും തൃശൂരുമാണ് ഈ വിദ്വാൻ അത്ഭുതം പ്രവർത്തിക്കുക. ഏതാനും വർഷം മുൻപ് ഇയാൾ ദുബായിൽ ഒരു യോഗം നടത്തി. അവിടെ പ്രാർത്ഥനയ്ക്കായി വന്ന സ്ത്രീകളുടെ പൂമേനിയിൽ ഇയാളുടെ അംഗുലികൾ നടത്തിയ വിക്രിയകൾ വീഡിയോയിൽ കണ്ടവർ ലജ്ജിച്ചുപോയി. ഏതായാലും ഡിഫെൻഡറിനു പണിയായി എന്നു പറഞ്ഞാൽ മതിയല്ലോ.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

**OR www.tsbalan.org**

**ബൈബിൾ റേഡിയോ**

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അവൻ യാക്കോബിനു തന്റെ വചനവും യിസ്രായേലിനു തന്റെ ചട്ടങ്ങളും വിധികളും വെളിപ്പെടുത്തുന്നു. അങ്ങനെ യാതൊരു ജാതിക്കും അവൻ ചെയ്തിട്ടില്ല; അവന്റെ വിധികളെ അവർ അറിഞ്ഞിട്ടുമില്ല. യഹോവയെ സ്തുതിക്കുവിൻ. സങ്കീ. 147: 19, 20.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683542**
**ഫോൺ: 0484-3232356. Mob: 96564 32921**

# സഭകൾ തട്ടിയെടുക്കാൻ ബഥേൽ പദ്ധതിയിടുന്നു



ഇന്ത്യയിൽ ബഥേലിനോടൊപ്പം നിന്നിരുന്ന ഭൂരിപക്ഷം സഭകളും ദൈവദാസൻമാരും കഴിഞ്ഞ വർഷം ബഥേലിനെ വിട്ടുപോയി. അതോടെ ബഥേലിന്റെ ഇന്ത്യയിലെ വേല വെറും 'വേല' മാത്രമായി. ഡിഫെൻഡറിലൂടെ ഈ കഥകളൊക്കെ മാലോകർ അറിയുകയും ചെയ്തു. എങ്ങനെയെങ്കിലും ഈ നാണക്കേടു മാറ്റിയേ മതിയാകൂ.

കാശിനാഥനും കാശിനു കൊള്ളാത്ത മറ്റു ചിലരും ഒഴികെയുള്ള ദൈവദാസൻമാരെല്ലാം പിരിഞ്ഞുപോയതുകൊണ്ട് പുതിയ വേലസ്ഥലങ്ങൾ കണ്ടെത്തി സഭകൾ സ്ഥാപിക്കാൻ പറ്റാതായി. പക്ഷേ കുറെ സഭകൾ ഉണ്ടായേ മതിയാകൂ. എങ്ങനെ? സുന്ദരമായി മോഷ്ടിക്കുക. മറ്റു സംഘടനകളുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഉപദേശിമാരേയും സഭകളേയും മോഹന വാഗ്ദാനങ്ങൾ നൽകി വശത്താക്കുക.

വടക്കു പടിഞ്ഞാൻ ഇന്ത്യയിൽ നല്ല സ്വാധീനമുള്ള പ്രസ്ഥാനമാണ് ഡോ.തോമസ് മാത്യു സ്ഥാപിച്ച ഫിലാഡൽഫിയ ചർച്ച് ഓഫ് ഗോഡ്. അതുകൊണ്ട് ആ പ്രസ്ഥാനത്തിൽ നിന്നാകട്ടെ മോഷണം എന്നു ബഥേൽ തീരുമാനിച്ചിരിക്കുകയാണ്. അതിനായി ഉടൻ നവാപൂരിൽ ഒരു കൺവൻഷൻ സംഘടിപ്പിക്കാനും കാശിനാഥൻ ഉൾപ്പെടെയുള്ളവരെ അണിനിരത്തി മോഷണം വൻവിജയമാക്കാനുമാണ് പരിപാടി.

# പ്രാർത്ഥന കേട്ട് എലിയോടി

പ്രാർത്ഥിച്ച് എലിയെ ഓടിക്കാൻ പറ്റുമോ? പെന്തക്കോസ്തുകാരന്റെ വകയാണു പ്രാർഥനയെങ്കിൽ എലിയല്ല പുലിയും ഓടും. സംശയമുള്ളവർ വചനഘോഷണം തോമസ്കുട്ടി (റാന്നി) കുമ്പനാട് കൺവൻഷനു പുറത്തിറക്കിയ ക്രിസ്തീയദർശനത്തിൽ എഴുതിയിരിക്കുന്ന ഒരു അനുഭവസാക്ഷ്യം കേൾക്കൂ: ''ഒരിക്കൽ വരൂരെ ഉണ്ണിയപ്പച്ചന്റെ വീട്ടിൽ (തോമസ്കുട്ടി) പ്രാർത്ഥനയ്ക്ക് ചെന്നപ്പോൾ കപ്പകൃഷിയെ ശല്യപ്പെടുത്തുന്ന എലിയുടെ ശല്യത്തിനെതിരെ പ്രാർത്ഥിച്ചു. അത്ഭുതകരമായി അന്ന് മുതൽ ആ വീട്ടിലെ എലിശല്യം മാറിപ്പോയി. അന്ന് പള്ളിഭാഗം ദൈവസഭയിൽ.... ഉണ്ണിയപ്പച്ചൻ ദൈവം ചെയ്ത ഉപകാരം സാക്ഷ്യമായി പങ്കിട്ടു. നിരവധി അനവധി അത്ഭുതങ്ങൾ പാസ്റ്ററുടെ പ്രാർത്ഥനയിലൂടെ ദൈവം ചെയ്യുന്നു.'' (വാചകത്തിലെ തെറ്റുകൾ തോമസ്കുട്ടി വഹയാണ്). ഇത്ര വലിയ അത്ഭുതം മോശെയും ഏലിയാവും പോലും ചെയ്തിട്ടില്ല. ഒരുപകാരം ചെയ്യണം: ദയവായി തോമസ്കുട്ടി ഒരിക്കലും പാടരുത്, പ്ലീസ്.

# രണ്ടായ നിന്നെയിഹ....

ഒന്നായിരുന്ന ചർച്ച് ഓഫ് ഗോഡ് നാലു പതിറ്റാണ്ടോളം മുൻപ് നിറത്തിന്റെ പേരിൽ രണ്ടായി. ആ വകയിലുണ്ടായ ഇണ്ടൽ ചൊല്ലാവതുമല്ല. പക്ഷേ ഇപ്പോഴിതാ രണ്ടായ സി.ജി ഒന്നാകാൻ പോകുന്നു. അതിന്റെ ആദ്യപടി എന്ന നിലയ്ക്ക് പൊതുസഭായോഗം നടത്തി. തിരുവത്താഴവും പൊടിപൊടിച്ചു. അങ്ങനെ പുതിയ ഇണ്ടൽ രൂപംകൊണ്ടുവരുന്നു. പക്ഷേ ചിലർ വീഞ്ഞുകുടിച്ചത് ചുണ്ടിൽ തൊടാതെയാണെന്നൊരു കിംവദന്തി കേൾക്കുന്നു. ശരിയാണോ ആവോ!



# ഒറിജിനലോ ഡ്യൂപ്ലിക്കേറ്റോ?

വ്യാജഡോകളുമായി നടക്കുന്ന പാസ്റ്റർമാരുടെ എണ്ണം അനുദിനം പെരുകി വരുകയാണ്. അതുകൊണ്ടു ചോദിക്കട്ടെ: ചർച്ച് ഓഫ് ഗോഡ് യു.എ.ഇ ഓവർസിയറായ കെ.ഒ.മാത്യുവിന്റെ ഡോ ഒറിജിനലോ വ്യാജനോ? വെബ്സൈറ്റിൽ റവ.ഡോ.കെ.ഒ.മാത്യു പി.എച്ച്.ഡി. എന്നു കണ്ടു. ഏതു യൂണിവേഴ്സിറ്റിയിൽ നിന്നാണു പി.എച്ച്.ഡി. കിട്ടിയതെന്ന് ദയവായി വെളിപ്പെടുത്തണം.

അതുപോലെ എം.വി. സൈമൺ എം.റ്റി.എച്ച് എന്നൊരു പേരും സപ്ലിമെന്റിൽ കണ്ടു. ഏതു സെമിനാരിയിലാണ് സൈമൺ പാസ്റ്റർ എം.റ്റി.എച്ചിനു പഠിച്ചതെന്ന് വെളിപ്പെടുത്തണം.

മറുപടി കിട്ടിയാൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കും. പക്ഷേ ഒരു മാസത്തിനകം വിശദീകരണം കിട്ടിയില്ലെങ്കിൽ ഇവരുടെ ഡിഗ്രികൾ വ്യാജമാണെന്ന് ഡിഫെൻഡർ കണക്കാക്കും.

# അജ്ഞനും കിട്ടി അവാർഡ്

മരുപ്പച്ചയുടെ എഡിറ്ററും യിസ്രായേലിന്റെ ആയിരക്കണക്കിനുള്ള അംബാസിഡർമാരിൽ ഒരുവനുമായ അച്ചൻകുഞ്ഞ് ഇലന്തൂരിന് അവാർഡും കിട്ടിയിരിക്കുന്നു. സത്യം പബ്ലിക്കേഷൻസിന്റെ ജീവാത്മാവും പരമാത്മാവുമായ സി.വി.വടവനയാണ് അവാർഡ് കൊടുത്തത്. എന്തിനാണ് അവാർഡ്? വിശേഷിച്ചു കാരണമൊന്നുമില്ല. വെറുതെ ഇരിക്കട്ടെ ഒരെണ്ണം എന്നു കരുതി കൊടുത്തതാണ്.

ഇനി അധികം താമസിക്കാതെ മറ്റൊരു അവാർഡ് പ്രഖ്യാപനം നടക്കും. സി.വി.വടവനയ്ക്ക് അവാർഡ് കിട്ടിയിരിക്കുന്നു. കൊടുക്കുന്നത് അച്ചൻകുഞ്ഞ് ഇലന്തൂർ. (ചൊറിച്ചിലു വരുമ്പോൾ ഇങ്ങനെ പരസ്പരം പുറം ചൊറിഞ്ഞിരിരുന്നാലുള്ള സുഖം ഒന്നു വേറെതന്നെ.)

# സാമച്ചൻ വിലസുന്നു

പോലീസ് അന്വേഷണം ഭയന്ന് വിദേശത്തു കഴിഞ്ഞിരുന്ന സാമച്ചൻ രണ്ടും കല്പിച്ച് കേരളത്തിൽ തിരിച്ചെത്തിയിട്ടു നാളുകൾ ഏറെയായില്ല. എങ്കിലും വന്നപാടെ കക്ഷി പ്രവചനവ്യവസായം പൂർവ്വാധികം ഭംഗിയായി ആരംഭിച്ചുകഴിഞ്ഞു.

അടുത്ത കാലംവരെ സാമച്ചനു മലബാർ ഭാഗത്തു വലിയ സ്വാധീനമൊന്നുമില്ലായിരുന്നു. പക്ഷേ ഇത്തവണ ചക്കിക്കൊത്ത ഒരു ചങ്കരനെ സാമച്ചനു കൂട്ടുകിട്ടി: സാക്ഷാൽ നോബിൾ പി. തോമസ്. തൊഴിൽ ഒന്നാകകൊണ്ട് ഇപ്പോൾ ഇവർ ഒന്നിച്ചാണ് വേലയിറക്കുന്നത്. സാമച്ചനെ വിളിച്ചു യോഗം നടത്തിയവരുടെ കൂട്ടത്തിൽ എ.ജിയിലെ വി.റ്റി.ഏബ്രഹാമും ഉണ്ടെന്നു കേട്ടു. സംഗതി ശരിയാണെങ്കിൽ വി.റ്റി.ഏബ്രഹാം സൂക്ഷിക്കണം. നാളിതുവരെ വി.റ്റിയെ ഡിഫെൻഡർ ഏറെയൊന്നും വിമർശിച്ചില്ല. പക്ഷേ സാമച്ചനുമായിട്ടാണു കൂട്ടെങ്കിൽ വി.റ്റി ഏബ്രഹാം രണ്ടു ചെവിയും തുറന്നിരുന്നു കേൾക്കേണ്ടതായിവരും.

# പതാകപ്രശ്നം വീണ്ടും പുലിവാലാകുന്നു



വിട്ടാലും വിടാത്ത കമ്പിളിക്കെട്ടുപോലെ പതാകപ്രശ്നം അവറാനെ വിടാതെ പിടികൂടിയിരിക്കയാണ്. ഇന്ത്യൻ ദേശീയ പതാകയ്ക്കു വിചിത്രമായ വ്യാഖ്യാനം നൽകിക്കൊണ്ട് അവറാൻ നടത്തിയ പ്രസംഗം വിവാദമായിട്ട് മാസങ്ങൾ പലതായി. മൊബൈൽ ഫോണിലൂടെ ഈ പ്രസംഗം ഇപ്പോഴും പ്രചരിക്കയും ചെയ്യുന്നു. ഈ പ്രസംഗത്തിനെതിരെ ചിലർ കോട്ടയം പോലീസിൽ പരാതി നൽകിയിരുന്നു. ഈ കേസ്സാണ് ഇപ്പോൾ വീണ്ടും പുലിവാലാകുന്നത്.

ഇതുമായി ബന്ധപ്പെട്ട് മാതൃഭൂമിയിൽ (ജനുവരി 15) വന്ന ഒരു വാർത്ത ഇതാണ്:

ദേശീയപതാകയെ അപമാനമിച്ചെന്ന കേസ്സിൽ അന്വേഷണം

ദേശീയപതാകയെ അവഹേളിക്കുന്ന വിധത്തിൽ പ്രഭാഷണം നടത്തിയെന്ന കേസ്സിൽ തിരുവല്ല സ്വദേശിയായ പാസ്റ്റർക്കെതിരെ കോട്ടയം ഈസ്റ്റ് പോലീസ് അന്വേഷണം തുടങ്ങി. കോട്ടയം ഡി.വൈ.എസ്.പിക്കാണ് ഇതു സംബന്ധിച്ച പരാതി നേരത്തെ ലഭിച്ചിരുന്നത്. ദേശീയപതാകയെ അപമാനിച്ച് പ്രസംഗം നടത്തിയത് ചിങ്ങവനത്താണെന്നും പോലീസിന് വിവരം ലഭിച്ചിട്ടുണ്ട്.

തിരുവല്ല കേന്ദ്രമായി പ്രവർത്തിക്കുന്ന പാസ്റ്റർ നിരവധി കൺവെൻഷനുകളിൽ പ്രസംഗം നടത്തിയിട്ടുള്ള ആളാണ്. ഇദ്ദേഹം നടത്തിയ വിവാദ പ്രസംഗത്തിന്റെ സി.ഡി സഹിതം ഡി.വൈ.എസ്.പി. കെ.മധുവിന് ലഭിച്ചതിനെ തുടർന്നാണ് ഈസ്റ്റ് പോലീസ് കേസ്സെടുത്ത് അന്വേഷണം ആരംഭിച്ചത്. സി.ഡി. കണ്ട ശേഷമാണ് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തത്.

# ടി.ജെ.ശാമുവലിന്റെ ഗുണ്ടകൾ കെ.ജെ.ജോസഫിനെ പൂട്ടിയിട്ടു

എ.ജിയിലെ ഒരു സീനിയർ പാസ്റ്ററും പ്രസ്ബിറ്ററുമായ കെ.ജെ.ജോസഫിനെ പൂട്ടിയിടുകയും കയ്യേറ്റം ചെയ്യാൻ ശ്രമിക്കയും ചെയ്തതായി പരാതി ഉയർന്നിരിക്കുന്നു. എ.ജിയുടെ സെക്രട്ടറിയായ ചുമ്മാഡോ ബാബു ജോർജ്, എക്സിക്യൂട്ടീവ് കമ്മറ്റി അംഗമായ എ.ഷാജി എന്നിവർ ചേർന്നാണ് കെ.ജെ.ജോസഫിനെ മുറിയിൽ പൂട്ടിയിടുകയും കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കയും ചെയ്തത്.

എ.ജിയിലെ ദുർന്നടപ്പുകാരിൽ പ്രധാനിയായ എ.ഷാജി കോട്ടയം എ.ജി സഭയിൽ ചേക്കേറുന്നതിനെതിരെ സഭാംഗങ്ങൾ എ.ജി നേതൃത്വത്തിനു പരാതി നൽകിയിരുന്നു. ഈ പരാതിയുമായി എത്തിയവർക്ക് അനുകൂലമായി കെ.ജെ.ജോസഫ് സംസാരിക്കയും എ.ഷാജിയെ കോട്ടയം സഭയിൽ സ്വീകരിക്കാതിരിക്കുന്നതാണു നല്ലതെന്ന് പറയുകയും ചെയ്തത്രേ. ഈ വിവരം എങ്ങനെയോ അറിഞ്ഞ ഷാജി ബാബു ജോർജ്ജിന്റെ സഹായത്തോടെ കെ.ജെ.ജോസഫിനെ കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കയായിരുന്നു. ഈ സംഭവത്തേപ്പറ്റി കെ.ജെ.ജോസഫ് സഭാനേതൃത്വത്തിനു പരാതി നൽകിയെങ്കിലും നടപടി ഉണ്ടായിട്ടില്ല. എ.ജിക്ക് വലിയ സാമ്പത്തിക സഹായം ചെയ്യുന്ന വിൽസൻ ജോസ്, വിക്ടർ ജോസ്, സോഫിയ എന്നീ അമേരിക്കൻ മലയാളികളുടെ പിതാവാണ് വയോധികനായ കെ.ജെ.ജോസഫ്.


# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി– 50 രൂപ. രണ്ടു കോപ്പി– 90 രൂപ. അഞ്ചു കോപ്പി– 180 രൂപ. പത്തു കോപ്പി– 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 96564 32921**

# ബൈബിളിനു വെളിയിൽ ദൈവീക വെളിപ്പാടുണ്ടോ?

കുരുടൻ കുരുടനെ വഴി കാട്ടിയാൽ ഇരുവരും കുഴിയിൽ വീഴും. പക്ഷേ പെന്തക്കോസ്തിൽ ഇപ്പോൾ ഇതാണു നടക്കുന്നതെന്നു പറയാതെ വയ്യ. സംശയമുള്ളവർ കുമ്പനാട് കൺവൻഷനിൽ എം.എസ്.സാമുവൽ നടത്തിയ പ്രസംഗം കേട്ടാൽ മതി. വേദം എന്നത് ചുക്കാണോ ചുണ്ണാമ്പാണോ എന്നുപോലും നിശ്ചയമില്ലാത്ത ഈ മാന്യദേഹം 'ആധികാരികമായി' വേദങ്ങളേക്കുറിച്ചു പ്രസംഗിച്ചു. കേട്ടവർക്കും വിവരമില്ലാത്തതുകൊണ്ട് എതിർക്കാൻ ആളുണ്ടായതുമില്ല.

എം.എസ്.ശാമുവലിന്റെ അഭിപ്രായത്തിൽ ബൈബിൾ മാത്രല്ല ദൈവവചനം. ഹൈന്ദവ വേദങ്ങളിൽ യേശുക്രിസ്തു നിറഞ്ഞു തുളുമ്പി നിൽക്കുകയാണ്. വേദങ്ങളെഴുതിയവർക്ക് ദൈവം യേശുവിനേക്കുറിച്ചുള്ള വെളിപ്പാടു കൊടുത്തത്രേ. ഈ വിഡ്ഢി വേദങ്ങൾ ഒരുവട്ടമെങ്കിലും വായിച്ചിരുന്നെങ്കിൽ ഇങ്ങനെയൊക്കെ പറയുമായിരുന്നില്ല.

ബൈബിളിനു വെളിയിൽ ദൈവീക വെളിപ്പാടുണ്ടോ എന്ന വിഷയമാണ് ഈ ലേഖനത്തിലൂടെ പഠനവിധേയമാക്കുന്നത്. വേദങ്ങൾ മാത്രമാണ് ആധികാരികം എന്നു വിശ്വസിക്കുന്ന ഹിന്ദുക്കളുണ്ട്. വേദം എന്നതിൽ ചിലർ സംഹിത മാത്രമല്ല ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ തുടങ്ങിയവയും ഉൾപ്പെടുത്തുന്നു. 18 പുരാണങ്ങൾ, 18 ഉപപുരാണങ്ങൾ, ഇതിഹാസങ്ങൾ തുടങ്ങിയവയും അംഗീകരിക്കുന്ന ഹിന്ദുക്കളുണ്ട്. ഖുറാനാണ് മുസ്ലീങ്ങളുടെ ആധികാരിക മതഗ്രന്ഥം. നബിയുടെ വചനങ്ങൾകൂടി ആധികാരികമായി ചിലർ സ്വീകരിക്കുന്നു. ബൈബിൾ ഒരളവോളമെങ്കിലും അംഗീകരിച്ചെന്നും വരാം. മറ്റു മതവിശ്വാസികൾക്കും അവരുടേതായ മതഗ്രന്ഥങ്ങളുണ്ട്. ദൈവത്തിൽപ്പോലും വിശ്വസിക്കാത്ത യുക്തിവാദികൾ ബൈബിൾ ഉൾപ്പെടെ ഒരു ഗ്രന്ഥവും ദൈവീകമായി അംഗീകരിക്കുകയില്ല. ഈ നിലപാടുകളിൽ ഏതാണു ശരി എന്ന വിഷയത്തിലേക്കു കടക്കുന്നില്ല. പക്ഷേ പെന്തക്കോസ്തുകാർ ഈ വിഷയത്തിൽ എന്തു നിലപാടു സ്വീകരിക്കണമെന്നു പറയാം.

ഉദാഹരണമായി, എം.എസ്.സാമുവൽ ഐ.പിസിക്കാരനാണ്. ഐ.പിസിയുടെ തമിഴ്നാട് റീജിയന്റെ പ്രസിഡന്റുമാണ്. അതുകൊണ്ട് ഐ.പി.സിയുടെ ഭരണഘടനയിൽ വ്യക്തമായി പറയുന്ന വിശ്വാസപ്രമാണങ്ങൾ അംഗീകരിക്കാൻ ഇദ്ദേഹം ബാദ്ധ്യസ്ഥനാണ്. അഥവാ, ഈ വിശ്വാസപ്രമാണങ്ങളിൽ വിശ്വാസമില്ലാതാകുന്നതോടെ ഇയാൾ ഐ.പി.സിക്കു പുറത്താകുമെന്ന് ഐ.പി.സിയുടെ ഭരണഘടനയിൽത്തന്നെ പറയുന്നുമുണ്ട്.

ഐ.പി.സിയുടെ വിശ്വാസമനുസരിച്ച് 66 പുസ്തകങ്ങൾ അടങ്ങിയ ബൈബിൾ മാത്രമാണ് ദൈവവചനം. എല്ലാ ഐ.പി.സിക്കാരും ഇത് അംഗീകരിക്കണം. മാത്രമല്ല, സഭയുടേയും വിശ്വാസിയുടേയും വിശ്വാസാചാരങ്ങൾ പുതിയനിയമത്തിൽ പറയുന്ന വിധത്തിലായിരിക്കണമെന്നും ഐ.പി.സിയുടെ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്.

ഒരു പക്ഷേ ഈ നിലപാടു തെറ്റാണെങ്കിലോ? ഐ.പി.സിയുടെ ആദ്യകാല നേതാക്കൻമാർക്കു തെറ്റുപറ്റിയതാകരുതോ? ദൈവത്തിനൊഴികെ ആർക്കും തെറ്റുപറ്റാം. അതുകൊണ്ട് ഐ.പി.സിയുടെ ആദ്യകാല നേതാക്കൻമാർക്കു തെറ്റുപറ്റാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. അവർക്കു തെറ്റിയിട്ടുണ്ടെങ്കിൽ അതു തിരുത്തുകയും വേണം. പക്ഷേ ഇത്തരം തെറ്റുകൾ ഐ.പി.സിയുടെ ഭരണഘടനയിൽ തിരുത്തുന്നതുവരെ നിലവിലുള്ള വിശ്വാസപ്രമാണത്തിനു വിരോധമായി ഐ.പി.സിക്കാർ പ്രസംഗിക്കരുത്.

ഐ.പി.സിയിലെ സകല നേതാക്കൻമാരോടും വിശ്വാസികളോടും ചോദിക്കട്ടെ: 66 പുസ്തകങ്ങൾ അടങ്ങിയ ബൈബിളിനു വെളിയിൽ ദൈവീക വെളിപ്പാടുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതു തുറന്നു പറയുകയും ഭരണഘടനയിൽ തിരുത്തൽ വരുത്തുകയും ചെയ്യുക. 66 പുസ്തകങ്ങൾ അടങ്ങിയ ബൈബിൾ മാത്രമാണ് ദൈവവചനം എന്നു നിങ്ങൾ ഇപ്പോഴും വിശ്വസിക്കുന്നുണ്ടെങ്കിൽ എം.എസ്.സാമുവലിനെതിരെ അച്ചടക്ക നടപടിയെടുക്കുക.

ദൈവീക വെളിപ്പാടിനേക്കുറിച്ചു ബൈബിൾ പറയുന്ന ചില വസ്തുതകൾ കൂടി ഇതോടുള്ള ബന്ധത്തിൽ ചൂണ്ടിക്കാട്ടുവാൻ താല്പര്യമുണ്ട്:

ദൈവം ജാതികൾക്കു വെളിപ്പാടു കൊടുത്തോ? ബൈബിൾ പറയുന്നു: ''അവൻ യാക്കോബിനു തന്റെ വചനവും യിസ്രായേലിനു തന്റെ ചട്ടങ്ങളും വിധികളും വെളിപ്പെടുത്തുന്നു. അങ്ങനെ യാതൊരു ജാതിക്കും അവൻ ചെയ്തിട്ടില്ല; അവന്റെ വിധികളെ അവർ അറിഞ്ഞിട്ടുമില്ല. 147:19,20.''

വ്യാഖ്യാനവും വിശദീകരണവും കൂടാതെ മനസ്സിലാക്കാൻ കഴിയുന്ന വാക്യങ്ങളാണ് ഇവ. യാക്കോബിന്, അതായത് യിസ്രായേലിന്, മാത്രമേ ദൈവം തന്റെ വചനം വെളിപ്പെടുത്തിയിട്ടുള്ളൂ എന്നും മറ്റൊരു ജാതിക്കും ദൈവീക വെളിപ്പാടു ദൈവം നൽകിയിട്ടില്ലെന്നും ബൈബിൾ വ്യക്തമായി പറയുന്നു. ബൈബിളിൽ വിശ്വസിക്കുന്നവർ ഇത് അംഗീകരിച്ചേ മതിയാകൂ.

ജാതികളും ദൈവത്തിൽ വിശ്വസിക്കുന്നുണ്ടല്ലോ. അവർക്ക് ഈ അറിവു ലഭിച്ചതെങ്ങനെ? അതിനുള്ള ഉത്തരവും ബൈബിളിലുണ്ട്: ''അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ.'' റോമ.1:20. ജാതികൾ ദൈവത്തെ അറിഞ്ഞതു ദൈവീക വെളിപ്പാടിലൂടെയല്ല ബുദ്ധി ഉപയോഗിച്ചാണ്. (അവർക്ക് ദൈവത്തെ തപ്പിനോക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. പ്രവൃ. 17:27). ഈ ലോകം സൃഷ്ടിച്ച ഒരു ദൈവമുണ്ടെന്നും അവൻ സർവ്വശക്തനാണെന്നും മറ്റും ഈ ലോകത്തെ നിരീക്ഷിക്കുന്ന (തപ്പിനോക്കുന്ന) ബുദ്ധിമാനു ഗ്രഹിക്കാൻ കഴിയും. പക്ഷേ ഇത്തരത്തിലുള്ള ബുദ്ധികൊണ്ട് (തപ്പൽകൊണ്ട്) യേശുവിന്റെ ജനനവും ക്രൂശീകരണവും മറ്റും മുൻകൂട്ടി പ്രവചിക്കാനാവില്ല. അതിനു ദൈവീക വെളിപ്പാടുതന്നെ വേണം. ഇത്തരത്തിലുള്ള വെളിപ്പാട് ബൈബിളിൽ മാത്രമേ കണ്ടെത്താനാകൂ.

# ഡിഫെൻഡർ മറുപടി പറയുന്നു

? അടുത്ത കാലം വരെ പെന്തക്കോസ്ത് കൺവെൻഷനുകളിലെ പ്രധാന പ്രസംഗവിഷയമായിരുന്നു കർത്താവിന്റെ രണ്ടാം വരവ്. പക്ഷേ ഇപ്പോൾ അധികമാരും ഈ വിഷയം പ്രസംഗിക്കുന്നില്ല. എന്താണു കാരണം?

■ കർത്താവിന്റെ മടങ്ങിവരവ് എന്ന വിഷയം ഒന്നാം നൂറ്റാണ്ടു മുതൽ പ്രധാന പ്രസംഗവിഷയമായിരുന്നു. പക്ഷേ ഇപ്പോൾ മിക്കവരും ഈ വിഷയം പ്രസംഗിക്കുന്നില്ല. 'അനുഗ്രഹം' എന്നതാണ് ഇപ്പോഴത്തെ പ്രധാന പ്രസംഗവിഷയം. എന്താണ് ഈ മാറ്റത്തിനു കാരണം?

വീണ്ടുംജനനം പ്രാപിച്ചവർ, വീണ്ടും ജനിക്കാത്തവർ എന്നിങ്ങനെ മനുഷ്യരെ രണ്ടായി തിരിക്കാം. വീണ്ടും ജനിച്ചവർക്ക് ആത്മീയ വിഷയങ്ങളിലും വീണ്ടും ജനിക്കാത്തവർക്ക് ഭൗതീക വിഷയങ്ങളിലും താല്പര്യം തോന്നുക സ്വാഭാവികം. ഇന്നത്തെ പ്രസംഗകരിൽ ഭൂരിപക്ഷവും രക്ഷിക്കപ്പെടാത്തവരാണ്. അവർക്കു കർത്താവിന്റെ മടങ്ങിവരവ് എന്ന വിഷയത്തേക്കുറിച്ച് അറിയാനോ പറയാനോ താല്പര്യമില്ല. വിശ്വാസികളുടെ കാര്യവും ഏറെക്കുറെ ഇതുതന്നെ. അവർക്കും ഭൗതീക വിഷയങ്ങളിലാണ് താല്പര്യം. അതുകൊണ്ട് ആത്മീയ വിഷയങ്ങളേക്കുറിച്ചുള്ള പ്രസംഗങ്ങൾ വളരെ അപൂർവ്വമായി മാത്രമേ കേൾക്കാറുള്ളൂ.

പണ്ടൊക്കെ ഉണർവ്വിനു കാരണമായിട്ടുള്ള വിഷയങ്ങൾ ഏതൊക്കെയായിരുന്നു എന്ന് പ്രായമുള്ളവരോടു ചോദിച്ചാൽ അറിയാം. കർത്താവിന്റെ ക്രൂശുമരണം, അതിലൂടെ വെളിപ്പെട്ട ദൈവസ്നേഹം, കർത്താവിന്റെ നാമത്തിൽ സഹിക്കേണ്ടിവരുന്ന കഷ്ടങ്ങൾ, കർത്താവിന്റെ മടങ്ങിവരവ് തുടങ്ങിയവയേക്കുറിച്ചു കേൾക്കുമ്പോൾ ആത്മീയ ഉണർവ്വുണ്ടായിരുന്നു. ഈ ലോകത്തിലുള്ളതിനെയെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് ആയിരങ്ങൾ കർത്താവിനുവേണ്ടി ഇറങ്ങിത്തിരിക്കുവാൻ ഇത്തരം പ്രസംഗങ്ങൾ കാരണമായി. കർത്താവിനുവേണ്ടി എത്രവലിയ കഷ്ടവും സഹിക്കാൻ തയ്യാറായിട്ടത്രേ അവർ ഇറങ്ങിയിരുന്നത്. ദൈവനാമത്തിൽ സഹിക്കേണ്ടിവന്ന കഷ്ടങ്ങളേക്കുറിച്ചായിരുന്നു അവർ സഭായോഗങ്ങളിൽ സാക്ഷ്യം പറഞ്ഞിരുന്നത്.

ഇന്നത്തെ സ്ഥിതി അതല്ല. ക്രൂശിൽ കിടക്കുന്ന യേശു സാത്താന്റെ മുൻപിൽ പരാജയപ്പെട്ടു കിടക്കുകയാണെന്നും അതുകൊണ്ട് ക്രൂശിക്കപ്പെട്ട യേശുവിൽ വശ്വസിക്കരുതെന്നും വരെ പ്രസംഗിക്കുന്നവരുണ്ട്. ഉയിർത്തെഴുന്നേറ്റ കർത്താവിൽ വിശ്വസിച്ചാൽ എല്ലാവിധ ഭൗതീക ഉയർച്ചകളും ഉണ്ടാകുമെന്ന് അവർ പ്രസംഗിക്കുന്നു. രോഗം മാറും, കടങ്ങൾ ഇല്ലാതാകും, മച്ചികൾ പ്രസവിക്കും. വലിയ വീട്, വിലകൂടിയ കാറ്, ഉയർന്ന ശമ്പളമുള്ള ജോലി തുടങ്ങിയവയൊക്കെ ലഭിക്കും. ലഭിക്കാൻ പോകുന്ന ഈ ഭൗതീക അനുഗ്രഹങ്ങൾ സ്വപ്നം കണ്ടുകൊണ്ട് ജനം ആനന്ദിക്കുന്നു. ഉണർവ്വെന്ന പേരിൽ തുള്ളിച്ചാടുന്നു.

ചില വർഷങ്ങൾക്കു മുൻപുവരെ സത്യസുവിശേഷം പ്രസംഗിച്ചിരുന്ന പ്രസംഗകർ പോലും ഇപ്പോൾ സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കാൻ തുടങ്ങിയിരിക്കുന്നു. ക്രൂശിന്റെ വചനം പ്രസംഗിച്ചു നടന്നാൽ സ്റ്റേജ് നഷ്ടമാകുമെന്ന വസ്തുത അവർ തിരിച്ചറിഞ്ഞതുതന്നെ കാരണം.

പ്രസംഗ വിഷയത്തിൽ ഉണ്ടായിരിക്കുന്ന ഈ വ്യതിയാനത്തിനു മറ്റൊരു കാരണംകൂടിയുണ്ട്. പണ്ടത്തെ പെന്തക്കോസ്തുകാർ പരമ ദരിദ്രരായിരുന്നു. കർത്താവിനെ പിൻപറ്റുന്നവർക്ക് കഷ്ടതയും പട്ടിണിയും മറ്റും ഉണ്ടാകും എന്ന പ്രസംഗം കേട്ടാണ് അവർ ആശ്വസിച്ചിരുന്നത്. പക്ഷേ ഭൂരിപക്ഷം പെന്തക്കോസ്തുകാരും പാസ്റ്റർമാരും ഇന്നു സമ്പന്നരാണ്. അതുകൊണ്ട് കഷ്ടത, ദാരിദ്ര്യം തുടങ്ങിയവയേക്കുറിച്ചു കേൾക്കാൻ അവർക്കു താല്പര്യമില്ല, ഇത്തരം പ്രസംഗങ്ങൾ കേൾക്കേണ്ട ആവശ്യവുമില്ല.

എല്ലാവിധ ഭൗതീക സുഖങ്ങളും അനുഭവിച്ചു കഴിയുന്ന ശരാശരി പെന്തക്കോസ്തുകാരന് കർത്താവിന്റെ വരവ് അടുത്തു എന്നു കേൾക്കുന്നത് അത്ര സന്തോഷകരമല്ല എന്നതും ഒരു വസ്തുതയാണ്. കർത്താവു വന്നാൽ ഈ സുഖസൗകര്യങ്ങളെല്ലാം ഉപേക്ഷിച്ച് പോകേണ്ടതായി വരും എന്ന് അവർ ഭയപ്പെടുന്നു. കർത്താവിന്റെ വരവിങ്കൽ കൈവിടപ്പെട്ടുപോകുമെന്നുള്ള ഭയവും ചിലരെ ഭരിക്കുന്നുണ്ട്. കാരണം എന്തുതന്നെ ആയാലും കർത്താവിന്റെ മടങ്ങിവരവ് ഗുണത്തേക്കാളേറെ തങ്ങൾക്കു ദോഷമേ ഉണ്ടാക്കൂ എന്നു തീർച്ച. അതുകൊണ്ട് ആ വിഷയം കേൾക്കാൻ ജനത്തിനു താല്പര്യമില്ല, പ്രസംഗിക്കാൻ ആളുമില്ല.

ജനത്തിനു കേൾക്കാൻ താല്പര്യമുള്ള വിഷയങ്ങൾ പ്രസംഗിക്കുവാൻ പ്രസംഗകരും ഇത്തരക്കാരെ വിളിക്കാൻ സംഘാടകരും തയ്യാറാകുന്നു. കർണ്ണരസമാകുമാറുള്ള ഇത്തരം പ്രസംഗങ്ങൾ അന്ത്യകാലത്തിന്റെ ലക്ഷണങ്ങളിൽ ഒന്നാണ്. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിച്ചു നടക്കുന്നവർക്ക് ഇത്തരം പ്രസംഗങ്ങളേ രസിക്കൂ.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ഷാജി കോട്ടയത്തേക്ക്



കുപ്രസിദ്ധ വ്യഭിചാരിയായ എ.ഷാജിയെ കോട്ടയം എ.ജി സഭയുടെ പാസ്റ്ററായി ടി.ജെ. ശാമുവൽ നിയമിച്ചു. ഇയാൾ ഉടൻ ചാർജെടുക്കും. സഭാംഗങ്ങളുടെ ശക്തമായ എതിർപ്പു നിലനിൽക്കുന്നതിനാൽ അതീവ രഹസ്യമായി ചാർജെടുക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

ഫോർട്ട് കൊച്ചി ഭാഗത്താണ് ഇപ്പോൾ എ.ഷാജി ശുശ്രൂഷിക്കുന്നത്. പക്ഷേ കേരളത്തിലെമ്പാടും സഞ്ചരിച്ച് വ്യഭിചരിക്കുന്നതിനാൽ ഷാജിക്കു ഫോർട്ട് കൊച്ചിൽ ഏറെയൊന്നും ചെയ്യാൻ സമയം കിട്ടുന്നില്ല. മാത്രമല്ല, ഷാജിയുടെ കലാപരിപാടികളേക്കുറിച്ചു ഫോർട്ട് കൊച്ചിയിലുള്ളവർക്കു വിവരം കിട്ടിയതോടെ അവർ ഷാജിക്കെതിരെ തിരിയുകയും ചെയ്തു. അങ്ങനെ ഷാജിക്കു ഫോർട്ട് കൊച്ചിയിൽ നിലനിൽപ്പില്ലാതായി. എവിടേക്കു പോകണം എന്നു നിശ്ചയമില്ലാതെ ഷാജി കുഴയുന്ന സമയത്താണ് കോട്ടയം സഭയിലേക്കു പോകാനുള്ള അവസരം ഒരുങ്ങിയത്.

ഷാജി കോട്ടയത്തേക്കു വരുന്നു എന്നറിഞ്ഞതോടെ കോട്ടയം എ.ജിയിലെ ബഹുഭൂരിപക്ഷം വിശ്വാസികളും പ്രതിഷേധിച്ചു. ഷാജിയേപ്പോലൊരു വ്യഭിചാരിയെ പാസ്റ്ററായി സ്വീകരിക്കാൻ തയ്യാറല്ലെന്നു വ്യക്തമാക്കിക്കൊണ്ട് അവർ സഭാനേതൃത്വത്തിനു കത്തു കൊടുക്കുകയും ചെയ്തു. പക്ഷേ മറ്റൊരിടത്തും പോകാൻ പറ്റാത്ത സ്ഥിതിയിലുള്ള ഷാജിയെ എങ്ങനെയെങ്കിലും കോട്ടയം സഭയിൽ കെട്ടിയേൽപ്പിക്കാൻ ടി.ജെ.ശാമുവൽ തീരുമാനിക്കയായിരുന്നു. സഭയിൽ ഒരു പിളർപ്പുണ്ടായാലും വേണ്ടില്ല, ഷാജിയെ കോട്ടയം സഭയിലെ പാസ്റ്ററാക്കും എന്ന വാശിയിലാണ് ടി.ജെ.ശാമുവൽ. പക്ഷേ സഭാംഗങ്ങളും വാശിയിലാണ്. ഷാജിയെ സ്വീകരിക്കില്ലെന്ന നിലപാടിൽ അവർ ഉറച്ചുനിൽക്കുന്നു. എന്തും സംഭവിക്കാമെന്ന സ്ഥിയാണ് ഇപ്പോൾ കോട്ടയത്തുള്ളത്.

# കുമ്പനാട് ബോറായി

കുമ്പനാട് കൺവൻഷൻ എങ്ങനെയിരുന്നു? പന്തലും ഭക്ഷണവും നന്നായിരുന്നു. പക്ഷേ പ്രസംഗം അറുബോറ്. ഇങ്ങനെയാണ് മിക്കവരും പ്രതികരിച്ചത്. സംഗതി സത്യമാണെന്നു ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ വ്യക്തമാകുകയും ചെയ്തു.

ഉയർന്ന ആത്മീക നിലവാരം പുലർത്തിയിരുന്ന ഒരു ആത്മീയസംഗമമായിരുന്നു ഐ.പി.സിയുടെ ജനറൽ കൺവൻഷൻ. പക്ഷേ ഇന്നത്തെ സ്ഥിതി അതല്ല. പെന്തക്കോസ്ത് സഭകളിൽ കടന്നുകൂടിയിരിക്കുന്ന അനാത്മീയതയും ഭൗതീകതയും കുമ്പനാടു കൺവൻഷനിലും പ്രതിഫലിക്കയാണ്. ഒന്നാംതരം എന്നു പറയാവുന്ന ഒരു പ്രസംഗംപോലും ഇത്തവണ കേൾക്കാൻ കഴിഞ്ഞില്ല. കഷ്ടിച്ചു പാസ്റ്റർമാർക്ക് കൊടുക്കാവുന്ന രണ്ടോ മൂന്നോ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. ബാക്കിയുള്ളവയെല്ലാം പരമ ബോറായിരുന്നു.

അന്യമതഗ്രന്ഥങ്ങളെ വിശുദ്ധ തിരുവെഴുത്തുകളായി വാഴ്ത്തിക്കൊണ്ടായിരുന്നു എം.എസ്.ശാമുവലിന്റെ പ്രസംഗം. വൽസനും കെ.സി.ജോണും ശ്രോതാക്കളെ ശരിക്കും ബോറടിപ്പിച്ചു. എന്തെങ്കിലുമൊക്കെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞ് ജനത്തെ ഇളക്കാനാണു മിക്ക പ്രസംഗകരും ശ്രമിച്ചത്. ദൈവവചനത്തിന്റെ ആഴങ്ങളിലേക്കിറങ്ങാൻ ആർക്കും കഴിഞ്ഞതുമില്ല. കഷ്ടമായിപ്പോയി.




# കരിസ്മായും കിരിസ്മായും

ഒട്ടേറെ കുറ്റങ്ങൾ പറയാനുണ്ടെങ്കിലും പെന്തക്കോസ്തുകാർക്കു പ്രാർത്ഥിക്കാനറിയാം. സമുദായക്കാരിൽ നിന്നു പെന്തക്കോസ്തുകാരെ വ്യത്യസ്തരാക്കുന്ന ഒരു പ്രധാന ഘടകം ഇതാണ്. കരിസ്മാറ്റിക് മൂത്ത് പെന്തക്കോസ്തായ ഒരു പ്രമുഖ പ്രസംഗകന് ഈയിടെ ഒരു കിണ്ടം പിണഞ്ഞ കഥ പറയാനാണ് ഈ മുഖവുര പറഞ്ഞത്. പ്രസംഗം എഴുതിവച്ചു വായിക്കയാണ് ഈ ചങ്ങാതി സാധാരണയായി ചെയ്യുന്നത്. പക്ഷേ പ്രാർത്ഥിക്കുമ്പോൾ അതു പറ്റില്ലല്ലോ. കരിസ്മാറ്റിക്കുകാരും മറ്റും പൂർണ്ണ സുവിശേഷം പറയാതെ ജനങ്ങളെ കബളിപ്പിക്കുന്നുണ്ടെന്നും അത്തരക്കാരിൽ നിന്നു ജനത്തെ രക്ഷിക്കണമെന്നും ഇദ്ദേഹം പ്രാർത്ഥിച്ചത് ഇങ്ങനെ: "കർത്താവേ, കാരിസ്മാറ്റിക്കും കീരിസ്മാറ്റിക്കും മറ്റും പ്രചരിക്കുന്ന കാലമാണല്ലോ ഇത്.."

# ക്യാപ്റ്റൻ ശാമുവലിനെ സൂക്ഷിക്കുക

പരമ വിശുദ്ധനായി ഭാവിച്ചു നടക്കുന്ന ക്യാപ്റ്റൻ ശാമുവലിനെ സൂക്ഷിക്കുക. ഇയാൾ കടുത്ത ദുരുപദേശക്കാരനും ദുർമ്മാർഗ്ഗിയുമാണ്. ഇയാളേപ്പറ്റി ഡിഫെൻഡറിൽ പലവട്ടം എഴുതിയിരുന്നെങ്കിലും ഈ കൺവൻഷൻ സീസണിലും ഈ ചങ്ങാതി കേരളത്തിൽ വിലസുന്നതിനാൽ വീണ്ടും എഴുതുകയാണ്.

ഏറ്റവും വലിയ വിശുദ്ധൻ താനാണ് എന്ന ഭാവത്തിലാണ് ഇയാളുടെ പെരുമാറ്റമെങ്കിലും ഇയാൾ തികഞ്ഞ ദുർമ്മാർഗ്ഗിയാണ്. മാത്രമല്ല, വചനവിരുദ്ധമായ ഒട്ടേറെ ഉപദേശങ്ങൾ ഇയാൾ പ്രചരിപ്പിക്കുന്നുമുണ്ട്. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക. ഇയാളുമായി സഹകരിക്കുന്നത് ഒഴിവാക്കുക.

# നാട്ടുമുന്തിരിയോ കാട്ടുമുന്തിരിയോ?

പെന്തക്കോസ്തിലുള്ളത്ര വ്യാജൻമാർ മറ്റെങ്ങുമില്ല. കള്ളപ്രവാചകൻമാർ തുടങ്ങി ചുമ്മാഡോകൾ വരെ വിവിധ രൂപത്തിലും ഭാവത്തിലുമുള്ള വ്യാജൻമാർ പെന്തക്കോസ്തിൽ വിലസുകയാണ്. ഇവർക്കെതിരെ ഡിഫെൻഡർ നിരന്തരം പോരാടുന്നു. മറ്റു ചില പെന്തക്കോസ്ത് പത്രങ്ങളിലും ഈയിടെ ചുമ്മാഡോകൾക്കെതിരെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കയുമുണ്ടായി. ഇത്തരം ലേഖനങ്ങളിലൊന്നിൽ കണ്ട ഒരു സൂചനയാണ് ഈ കുറിപ്പിന് ആധാരം.

വാടാത്ത മുന്തിരി എന്ന പുസ്തകമെഴുതിയ ഡോ. തോമസ് മാമ്മന്റെ ഡോക്ടറേറ്റ് വ്യാജമാണെന്ന് പറയാതെ പറയുന്ന വിധത്തിൽ ഒരു പരാമർശം ഈ ലേഖത്തിൽ കണ്ടു. ഇതു സത്യമാണോ? തോമസ് മാമ്മനും ചുമ്മാഡോ ആണോ? ആണെങ്കിൽ ഡോ ഉപേക്ഷിക്കണം. അതല്ല ഡോക്ടറേറ്റ് ഒറിജിനലാണെങ്കിൽ ആ വസ്തുത ദയവായി അറിയിക്കുക. ഡിഫെൻഡറിലൂടെ സത്യം ജനങ്ങളെ അറിയിക്കാൻ ഞങ്ങൾ തയ്യാറാണ്.

# മോനച്ചൻ പ്രവചിച്ച് ഒരു കുടുംബം തകർത്തു

മോനച്ചന്റെ കള്ളപ്രവചനവും അനുബന്ധ തോന്ന്യാസങ്ങളും മൂലം നിരവധി കുടംബങ്ങൾ തകർന്നിട്ടുണ്ട്. അവയിൽ ഒന്നിനേപ്പറ്റിയാണ് ഇനി പറയുന്നത്.



സംഭവം നടന്നത് ന്യൂയോർക്കിലാണ്. ഭാര്യയും ഭർത്താവും കുട്ടികളും അടങ്ങുന്ന ഒരു കുടുംബം. മാർതോമ്മാക്കാരാണ്. കോഴഞ്ചേരിക്ക് അടുത്തുള്ള ഒരു ഗ്രാമമാണ് സ്വദേശം. ഭാര്യയും ഭർത്താവും തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങളൊക്കെയുണ്ട്. എങ്കിലും അവർ ഒന്നിച്ചാണു താമസം. ഇവരുടെ ഒരു ബന്ധു അബുദാബിയിലുണ്ട്. ന്യൂയോർക്കിലെ കുടുംബത്തിൽ ഉണ്ടാകാറുള്ള പ്രശ്നങ്ങളേക്കുറിച്ച് അബുദാബിയിലെ ബന്ധുവിൽ നിന്നു മോനച്ചൻ അറിഞ്ഞിരുന്നു. പിന്നീട് മോനച്ചൻ അമേരിക്കയിൽ എത്തിയപ്പോൾ ഈ കുടുംബത്തെ തേടിപ്പിടിച്ചു. ഭർത്താവില്ലാത്ത തക്കം നോക്കി ആ സ്ത്രീയോട് അടുക്കുകയും ദൈവം നൽകിയ വെളിപ്പാട് എന്ന ഭാവത്തിൽ അവരുടെ കുടുംബത്തിലെ പ്രശ്നങ്ങളേക്കുറിച്ച് വിശദമായി സംസാരിക്കയും ചെയ്തു. ഇത്ര കൃത്യമായി പ്രവചിക്കുന്ന ഒരു പ്രവാചകനെ അവർ ആദ്യമായാണു കാണുന്നത്. അതുകൊണ്ട് അവർ മോനച്ചനെ അതിരു കടന്നു വിശ്വസിച്ചു. മോനച്ചൻ പറഞ്ഞതെല്ലാം വേദവാക്യമായി സ്വീകരിക്കുകയും ചെയ്തു. അങ്ങനെ മോനച്ചൻ ആ സ്ത്രീയെ പൂർണ്ണമായും തന്റെ വലയിലാക്കി.

തന്റെ മകൾക്ക് എം.ബി.ബി.എസ്സിനു സീറ്റ് തരപ്പെടുത്താൻ 50 ലക്ഷം രൂപ ആവശ്യമുണ്ടെന്നും തന്റെ റബ്ബർ തോട്ടം വിറ്റ് ആ പണം ഉണ്ടാക്കാനാണ് പദ്ധതിയെന്നും മോനച്ചൻ ഈ സ്ത്രീയെ അറിയിച്ചു. പക്ഷേ ഒരു പ്രശ്നം: തോട്ടം കച്ചവടമാക്കാൻ കാലതാമസമുണ്ടാകും. എന്നാൽ ഇപ്പോൾ പണം കൊടുത്തില്ലെങ്കിൽ സീറ്റ് നഷ്ടമാകും. അതുകൊണ്ട് 50 ലക്ഷം രൂപ കടമായി തന്നു സഹായിക്കണം. മോനച്ചൻ പറഞ്ഞതെല്ലാം വിശ്വസിച്ച് ആ സ്ത്രീ 50 ലക്ഷം രൂപ കൊടുത്തു. സംഭവം നടന്നിട്ട് വർഷങ്ങൾ പലതായി. പക്ഷേ നാളിതുവരെ പണം തിരികെ കൊടുത്തിട്ടില്ല. സംഭവം ഭർത്താവറിഞ്ഞതോടെ പ്രശ്നമായി. ഭാര്യയും ഭർത്താവുമായി അകന്നു. ഒടുവിൽ വിവാഹ മോചനം നടത്തി പിരിഞ്ഞു.

# സഭ പിളർത്താൻ ശ്രമം

അബുദാബിയിലെ ഒരു സഭയിൽ പാസ്റ്റർ ശുശ്രൂഷ തുടങ്ങിയിട്ടു മൂന്നു വർഷമാകുന്നു. അതുകൊണ്ട് ഇത്തവണ പാസ്റ്റർ മാറേണ്ടതായി വരും. ഈ പ്രശ്നം മുൻകൂട്ടിക്കണ്ട് പാസ്റ്റർ ഒരു മുഴം മുൻപേ എറിഞ്ഞു. സഭയിൽ ഭിന്നതയുണ്ടാക്കി ഒരു പക്ഷത്തെ കൂടെ നിർത്താനും ആ ഗ്രൂപ്പിന്റെ പാസ്റ്ററായി തുടരാനുമാണ് പദ്ധതി. തന്നെ എതിർക്കുന്നവരെ ദൈവം തട്ടിക്കളയുമെന്നാണു പ്രസംഗം. കേരളത്തിലെ ഒരു പ്രമുഖ പുണ്യാളന്റെ അടുത്ത ബന്ധുവാണ് ഈ പാസ്റ്റർ. ഈ പാസ്റ്ററോട് ഡിഫൻഡറിനു പറയാനുള്ളതിതാണ്: സഭയിൽ ഭിന്നതയുണ്ടാക്കാതെ സ്ഥലം വിടുക. അല്ലെങ്കിൽ പേരും ഫോട്ടോയും സഹിതം ഡിഫെൻഡറിൽ വാർത്ത വരും. അതൊഴിവാക്കുകയാണു ബുദ്ധി.



# ബാലന്റെമേൽ കൈവയ്ക്കല്ലേ ജോസേ

അമേരിക്കയിൽ കേരള എക്സ്പ്രസ്സ് എന്ന പേരിൽ ഒരു മലയാള പത്രം പ്രസിദ്ധീകരിക്കുന്നുണ്ട്. ഏതാനും ആഴ്ചകൾ മുൻപ് ഈ പത്രത്തിൽ ജോസ് കുമ്പനാട് എന്നൊരാൾ എഴുതിയ ഒരു പ്രതികരണം അമേരിക്കയിലുള്ള ചില വായനക്കാർ ഡിഫെൻഡറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയുണ്ടായി. 2008 നവംബർ 14ന് ഏബ്രഹാം ലൂക്ക് ടെന്നസ്സി എന്നൊരാൾ എഴുതിയ ലേഖനത്തിന്റെ പ്രതികരണം എന്ന നിലക്കാണ് ജോസ് കുമ്പനാട് ഈ കുറിപ്പ് എഴുതിയതെന്ന് മനസ്സിലായി. ഏബ്രഹാം ലൂക്ക് എന്താണെഴുതിയതെന്ന് അറിഞ്ഞുകൂടാ. പക്ഷേ ജോസ് കുമ്പനാടിന്റെ കുറിപ്പിൽ റ്റി.എസ്.ബാലൻ എന്ന ഈയുള്ളവനേയും എന്റെ മകനേയും പരാമർശിച്ചിട്ടുള്ളതായി കണ്ടതുകൊണ്ട് ഈ കുറിപ്പ് എഴുതുകയാണ്:

ഏബ്രഹാം ലൂക്ക്, ജോസ് കുമ്പനാട് എന്നിവർ ആരാണെന്നറിഞ്ഞുകൂടാ. ഏബ്രഹാം ലൂക്ക് പെന്തക്കോസ്തുകാരെ വിമർശിച്ച് പത്രത്തിൽ എഴുതിയതിനുള്ള മറുപടിയാണ് ജോസ് കുമ്പനാട് എഴുതിയതെന്നു വ്യക്തം. ഇതിനിടയിൽ ബാലനേയും മകനേയും എന്തിനു വലിച്ചിഴച്ചു എന്നറിഞ്ഞുകൂടാ. കാരണം എന്തുതന്നെ ആയാലും ജോസിനു മറുപടി കൊടുക്കാതെ പറ്റില്ലല്ലോ.

ഏബ്രഹാം ലൂക്ക് വിമർശനം തുടർന്നാൽ ''കേരളത്തിൽ ബാലനും ബാലന്റെ ബാലനും സംഭവിച്ചതുപോലെ വല്ലതും സംഭവിച്ചെന്നുവരാം'' എന്ന് ജോസ് കുമ്പനാട് എഴുതുന്നു. ബാലനും ബാലന്റെ ബാലനും എന്താണു സംഭവിച്ചത്? സത്യം തുറന്നു പറയാനുള്ള ധൈര്യം ബാലനുണ്ട്. അതുകൊണ്ട് പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ ബാലൻ എഴുതി. ബാലൻ എഴുതിയതു പൂർണ്ണമായി ശരിയായിരുന്നു. അതുകൊണ്ട് മാനനഷ്ടക്കേസ്സ് കൊടുക്കാൻ ആർക്കും ധൈര്യമുണ്ടായില്ല. ബാലന്റെ വായടയ്ക്കാൻ മറ്റൊരു വഴിയും കാണാതായപ്പോൾ റ്റി.എസ്. ഏബ്രഹാം ബാലനെതിരെ കള്ളക്കേസ്സ് കൊടുത്തു. അങ്ങനെ ബാലനും മകനും കള്ളക്കേസ്സിൽ പ്രതികളായി. അത്താഴപ്പട്ടിണിക്കാരനായ ബാലൻ റ്റി.എസ്.ഏബ്രഹാമിന്റെ പണക്കൊഴുപ്പിനെതിരെ പോരാടി തോറ്റു. അങ്ങനെ ബാലനും മകനും കുറ്റവാളികളായി. പക്ഷേ കീഴ്ക്കോടതിയുടെ വിധി ഹൈക്കോടതി സ്റ്റേ ചെയ്തു. ഇത്രയുമാണ് ഇതുവരെയുള്ള കഥ. പെന്തക്കോസ്തുകാരെ വിമർശിച്ചാൽ ഏബ്രഹാം ലൂക്കിനും ഈ ഗതി വരുമെന്നാണ് ജോസ് പറയുന്നത്.

ബാലനേക്കുറിച്ച് മറ്റു ചിലതുകൂടി ജോസ് പറയുന്നുണ്ട്: ''ബാലൻ – കേരളത്തിൽ ആത്മീയഗോളത്തിലെ ഒരു കുറ്റാന്വേഷണ വിദഗ്ദ്ധൻ. ബാലന്റെ ബാലൻ – കുട്ടിബാലൻ/മകൻ. രണ്ടു പേരും ഇപ്പോൾ ജയിലിന്റെ അഴികൾ എണ്ണുന്നു എന്നാണറിവ്.''

കുറ്റാന്വേഷണം നടത്തുന്നതു കുറ്റമാണോ ജോസേ? ആത്മീയലോകത്ത് ആരെങ്കിലും കുറ്റം ചെയ്താൽ മിണ്ടരുത് എന്നാണോ? ബാലനും മകനും ഇപ്പോൾ ജയിലിന്റെ അഴികൾ എണ്ണുന്നു എന്നാണ് ജോസിന്റെ അറിവ്. പറയുന്നതു ജോസ് ആയതുകൊണ്ട് തെറ്റാകാൻ വഴിയില്ല. ബാലൻ എന്ന ഈയുള്ളവനും എന്റെ മകനും കൂടി ജയിലിന്റെ അഴികൾ എണ്ണി പറയുന്ന കണക്കു കുറിച്ചെടുത്തു സൂക്ഷിക്കാൻ ജോസിന്റെ പ്രിയപ്പെട്ട വല്ല്യപ്പൻ ജയിലിൽ ഞങ്ങളോടൊപ്പമുണ്ടെന്നതാണ് ഏക ആശ്വാസം.

പെന്തക്കോസ്തിലെ കള്ളൻമാർക്കെതിരെ പ്രതികരിക്കുന്നവരോട് ജോസിന് എന്താണിത്ര വിരോധം? എന്റെ അനുഭവം വച്ചു പറഞ്ഞാൽ, രണ്ടു തരക്കാരാണ് സാധാരണയായി വിമർശനത്തെ എതിർക്കുന്നത്. തെറ്റിദ്ധാരണമൂലം എതിർക്കുന്നവരാണ് അവരിൽ ഒരു കൂട്ടം. പക്ഷേ ജോസ് ഈ ഗ്രൂപ്പിൽ ഉള്ള ആളാണെന്നു തോന്നുന്നില്ല. ഒളിക്കാൻ പലതും ഉള്ളവരാണ് രണ്ടാമത്തെ കൂട്ടർ. തങ്ങളുടെ കൊള്ളരുതായ്മകളും ഒരു ദിവസം വിമർശന വിധേയമാകും എന്ന ഭയംമൂലമാണ് ഇത്തരക്കാർ വിമർശനത്തെ ഭയപ്പെടുന്നത്. ജോസ് ഇത്തരത്തിലുള്ള ആളാണെന്നു കരുതാം.

എന്താണ് ജോസിന്റെ പ്രശ്നം? അറിഞ്ഞുകൂടാ. വ്യഭിചാരികൾ, ഭാര്യയെ വിറ്റു ജീവിക്കുന്നവർ, പിമ്പുകൾ, കള്ളൻമാർ, കള്ളപ്രവാചകൻമാർ, തട്ടിപ്പുവീരൻമാർ തുടങ്ങിയവരൊക്കെയാണ് സാധാരണയായി ഡിഫെൻഡറിനെ വിമർശിക്കുന്നത്. ജോസ് ഇതിൽ ഏതു തരത്തിലുള്ളവനാണെന്നറിഞ്ഞുകൂടാ.

ജോസ് പറയുന്നത് കേൾക്കൂ: ''അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ. സഭ പിളർത്തുന്നവൻ അതു വീണ്ടും പിളർത്തട്ടെ. കുരയ്ക്കുന്നവൻ ഇനിയും ഉച്ചത്തിൽ കുരയ്ക്കട്ടെ. ചിരിക്കുന്നവൻ നിർത്താതെ ചിരിക്കട്ടെ. ഊതുന്നവൻ ശക്തിയായി ഊതട്ടെ. വീഴുന്നവൻ കമഴ്ന്നോ മലർന്നോ വീഴട്ടെ. വീഴാതെ പിടിച്ചു നിൽക്കുന്നവൻ വീഴാതിരിക്കാൻ ശ്രമിക്കട്ടെ.'' പോരേ പൂരം. ഇതാണ് ജോസിന്റെ നിലപാടെങ്കിൽ ഏബ്രഹാം ലൂക്കിനേയും ബാലനേയും മറ്റും ജോസ് വിമർശിക്കുന്നതെന്തിന്? ''വിമർശിക്കുന്നവൻ വിമർശിക്കട്ടെ, ജയിലിൽ പോകുന്നവൻ ജയിലിൽ പോകട്ടെ'' എന്നു പറഞ്ഞാൽ പോരായിരുന്നോ? അതുപോരാ. വിമർശിക്കുന്നതു പാപം. വിമർശിക്കുന്നവനെ വിമർശിക്കുന്നതു പുണ്യം. പെന്തക്കോസ്തുകാരനെ വിമർശിക്കുന്നതു മഹാപാപം. പെന്തക്കോസ്താരെ വിമർശിക്കുന്നവരെ വിമർശിച്ചാൽ ഉഗ്രൻ പുണ്യം. കൊള്ളാമല്ലോ ജോസേ.

ജോസിന്റെ തിയോളജി പൗലോസ് സ്വീകരിച്ചിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി! പൗലോസ് എഴുതും: ''അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരിക്കുന്നവൻ അമ്മൂമ്മയേക്കൂടി വച്ചുകൊണ്ടിരിക്കട്ടെ. ദേമാസ് എവിടെയെങ്കിലും പോയി തുലയട്ടെ. ദുരുപദേശം പറഞ്ഞു നടക്കുന്നവൻ സാത്താനെ ആരാധിക്കകൂടി ചെയ്യട്ടെ. അമ്മായിയമ്മയെ ഭാര്യയാക്കിയവൻ സഭയുടെ സ്ഥിരം പ്രസിഡന്റാകട്ടെ. ബൈബിൾ കോളേജിലെ പെൺകുട്ടികളെ വ്യഭിചരിക്കുന്നവൻ അവരുടെ അമ്മമാരേക്കൂടി വ്യഭിചരിക്കട്ടെ. സഭയുടെ സ്വത്തുക്കൾ മോഷ്ടിക്കുന്നവൻ ബാങ്കുകൾ കൊള്ളയടിക്കകൂടി ചെയ്യട്ടെ.'' ജോസിന്റെ തിയോളജി കൊള്ളാം.

പക്ഷേ ജോസ് ഒരു കാര്യം മനസ്സിലാക്കണം. ഹെരോദാവ് സഹോദരന്റെ ഭാര്യയെ തട്ടിയെടുത്തതു കണ്ടപ്പോൾ മൗനമായിരിക്കാൻ ദൈവാത്മാവുള്ള യോഹന്നാനു കഴിഞ്ഞില്ല. അനീതിക്കെതിരെ പോരാടിയതുകൊണ്ട് യോഹന്നാനു ജയിലിൽ കിടക്കേണ്ടതായിവന്നു. ഒടുവിൽ തലയും പോയി. ഇതാണ് ദൈവദാസൻമാരുടെ പാരമ്പര്യം. കുമ്പനാട്ടെ വ്യഭിചാരം കണ്ടും കേട്ടും വളർന്ന ജോസിന് വ്യഭിചാരം ഗൗരവമുള്ള പ്രശ്നമായി തോന്നിയില്ലെന്നുവരാം. കുളത്തൂപ്പുഴക്കാരിയുടെ കണ്ണുനീർ നിസ്സാരമായി തോന്നിയെന്നും വരാം. പക്ഷേ അതല്ല ബാലന്റെ സ്ഥിതി. കള്ളൻമാരെ സർപ്പസന്തതികളെന്നു വിളിച്ച കർത്താവിന്റെ ദാസനാണ് ഈയുള്ളവൻ. കപടഭക്തൻമാരെ വെള്ളയടിച്ച ചുവരെന്നു വിളിക്കാൻ എനിക്കു മടിയില്ല. പെന്തക്കോസ്തിലെ കള്ളന്മാർക്കെതിരെ എഴുതുന്നതു മഹാപാപമായി ജോസിനു തോന്നുന്നുണ്ടാകാം. പക്ഷേ ആത്മീയലോകത്തെ കള്ളൻമാർക്കെതിരെ പ്രതികരിക്കുന്നതു പാപമായി കർത്താവിനും ശിഷ്യൻമാർക്കും തോന്നിയില്ല. അതുകൊണ്ട് ബാലനും തോന്നുന്നില്ല. ജോസിനേപ്പോലുള്ളവർ ചന്ദ്രഹാസമെടുത്താൽ ഈയുള്ളവൻ പേടിക്കുമെന്നു കരുതരുത്.

അമേരിക്കയിലുള്ള വായനക്കാരോട് ഒരപേക്ഷ: ഏബ്രഹാം ലൂക്ക് ടെന്നിസി, ജോസ് കുമ്പനാട് എന്നിവരേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാവുന്നവർ ദയവായി ഡിഫെൻഡറിനെ അറിയിക്കുക. വിവരം തരുന്നവരുടെ പേരും വിലാസവും പരസ്യപ്പെടുത്തുന്നതല്ല.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# വിഗ്രഹാരാധന: ബെന്നി ഹീൻ വഹ

ബെന്നിഹീൻ കടുത്ത ദുരുപദേശക്കാരനാണെന്ന വസ്തുത ഡിഫെൻഡർ പലവട്ടം വിശദീകരിച്ചിട്ടുള്ളതാണ്. ദൈവദാസന്റെ വേഷത്തിൽ നടക്കുന്ന ഇയാൾ യഥാർത്ഥത്തിൽ ദുരാത്മാവിന്റെ നിയന്ത്രണത്തിലാണ്. സത്യവും മിഥ്യയും തമ്മിൽ തിരിച്ചറിയാൻ കഴിവില്ലാത്ത സാധുക്കളെ ബെന്നിഹീൻ അന്യദൈവാരാധനയിൽ കുടുക്കുക മാത്രമല്ല അവരുടെ സമ്പത്ത് കവർന്നെടുക്കുകയും ചെയ്യുന്നു.

ബെന്നിഹീൻ ചെയ്യുന്നതെല്ലാം ദൈവീകമാണെന്നു കരുതുന്നവരെ കബളിപ്പിക്കാനും വിഗ്രഹാരാധനയിൽ കുടുക്കാനും ഈ നീചൻ ഒരുക്കിവച്ചിട്ടുള്ള ചില വസ്തുക്കളേക്കുറിച്ച് ബെന്നിഹീനിന്റെ വെബ്സൈറ്റിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അവയിൽ പ്രധാനപ്പെട്ടവയേക്കുറിച്ചു വിശദീകരിക്കാം. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹമുള്ളവർ ഈ ലേഖനത്തിന്റെ അവസാനഭാഗത്തു കാണുന്ന വെബ്സൈറ്റ് സന്ദർശിക്കുക:

### മാലയും ലോക്കറ്റും



യേശുക്രിസ്തുവിന്റെ രണ്ടാം വരവിന്റെ രൂപം ആലേഖനം ചെയ്ത ലോക്കറ്റും മാലയും അടങ്ങുന്നതാണ് ഈ ഏടാകൂടം. 150 ഡോളർ കൊടുത്താൽ ഇതു കിട്ടും. വാങ്ങി അണിഞ്ഞാൽ ബഹുവിശേഷമാണ്. ഈ സാധനത്തിന്റെ മഹത്വത്തേക്കുറിച്ച് ബെന്നിഹീൻ പറയുന്നതിങ്ങനെ:

**Second Coming Everlasting Love Medallion and Necklace**

This very specially-designed gold-plated medallion and necklace depicts the Second Coming of Jesus Christ with the verse, "Behold I come quickly," and is from the brand new Benny Hinn Signature Line of Inspired Jewelry. It has been crafted with exacting standards by one of the world's leading jewelry-makers. Pastor Benny has signed the jewelry himself, as the "signature" word in the name implies, for he truly wanted something precious and exquisite to reflect what each partner and ministry friend means to him and to this ministry. You will cherish this exquisite jewelry, even as you are cherished. Wear this as a reminder to pray for the ministry as we seek to take the Gospel of Jesus Christ to the nations through crusades, broadcasts, and mission out-reaches.

ബെന്നിഹീനെ ദൈവദാസനായി പരിഗണിക്കുന്നവർക്ക് ഈ മാലയും ലോക്കറ്റും ധരിച്ച് വിഡ്ഢിവേഷം കെട്ടാം.

### ഉയർപ്പിന്റെ പ്രതിമ

കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ പ്രതിമയാണ് ഈ സാധനമെന്നത്രേ ബെന്നിഹീൻ പറയുന്നത്. ഈ പ്രതിമ 200 ഡോളർ കൊടുത്തു വാങ്ങി വീട്ടിൽ വച്ചാൽ അനുഗ്രഹം വീട്ടിലേക്ക് ഒഴുകിയെത്തും. ലോകമെമ്പാടുമുള്ള പമ്പര വിഡ്ഢികൾക്ക് ഈ പ്രതിമ വാങ്ങി അനുഗ്രഹം പ്രാപിക്കാവുന്നതാണ്. വീട്ടിലോ ഓഫീസിലോ വാഹനത്തിലോ വയ്ക്കാൻ തിക



ച്ചും അനുയോജ്യം. ഇതേപ്പറ്റി ബെന്നഹീൻ പറയുന്നു:

**Resurrection Sculpture**

We serve a risen Savior, our wonderful Lord Jesus! This beautiful golden-toned sculpture, designed exclusively for Benny Hinn Ministry partners and ministry friends, celebrates the miraculous moment when Jesus Christ rose from the dead, fulfilling the Scripture, *"I am the resurrection, and the life"* (John 11:25). What a beautiful commemoration art-piece for your home, office, or church.

### കഴുകൻ



ചിറകു വിടർത്തി നിൽക്കുന്ന കഴുകന്റെ പ്രതിമയാണിത്. സംഗതി ബഹുവിശേഷമാണ്. ശക്തി, സ്വാതന്ത്ര്യം, ദർശനം, സൗന്ദര്യം തുടങ്ങിയവയുടെ പ്രതീകമാണിത്. ഈ സാധനം വീട്ടിൽ വാങ്ങിവച്ചാൽ ലോകമെമ്പാടും സുവിശേഷം പ്രചരിക്കും.

**Wings as Eagles Sculpture**

Nothing symbolizes power, might, freedom, vision, strength, and beauty as does the majestic eagle with wings outstretched in flight. Let your imagination soar as you rediscover the meaning of Isaiah 40:31: "But they that wait upon the Lord shall renew their strength; they shall mount up with wings as eagles; they shall run, and not be weary; and they shall walk, and not faint." The elegant wooden base measures 4.25 by 6 inches, the overall height is 6.5 inches, and the sweeping wingspan measures 6.25 inches. Not only will this be a majestic centerpiece for your home, office, or church, but the seed you plant into this ministry for each Wings as Eagles sculpture goes directly to help take the Gospel of Jesus Christ to the nations.

### പെട്ടകം



പഴയ നിയമത്തിൽ കാണുന്ന നിയമപെട്ടകത്തിന്റെ ഡൂപ്ലിക്കേറ്റാണ് ഈ സാധനം. ഇതു വാങ്ങി വീട്ടിൽ സൂക്ഷിച്ചുവച്ചാൽ എന്തു ഗുണമാണ് ഉണ്ടാകാൻ പോകുന്നതെന്ന് ബെന്നിഹീനു പോലും അറിഞ്ഞുകൂടാ. എങ്കിലും ഒരെണ്ണം വാങ്ങി വീട്ടിൽ വയ്ക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. ഇതേപ്പറ്റി ബെന്നിഹീൻ പറയുന്നത് ഇതാണ്:

**The Ark of the Covenant**

Now you can own this exclusive, carefully crafted reproduction of the golden chest that God commanded the ancient Hebrews to construct. This detailed model, 4.5" wide x 2.25" deep x 3.25" high, has been carefully crafted, from the cherubim and crown railing atop the mercy seat to the rings and carrying staves.

### പീഡിതനായ ക്രിസ്തു

പീഡ അനുഭവിക്കുന്ന ക്രിസ്തുവിന്റെ രൂപമാണ് മറ്റൊരു സാധനം. മേശപ്പുറത്തു വയ്ക്കാനായിട്ടത്രേ ഇത് ഉണ്ടാക്കിയിരിക്കുന്നത്. ഒരിക്കൽ ആരോ ബെന്നിഹീന്നിന് ഇത്തരത്തിലുള്ള ഒരു രൂപം കൊടുത്തു. അത് ബെന്നിഹീന്നിന്റെ മേശപ്പുറത്ത് ഇപ്പോഴുമുണ്ട്. അതിന്റെ ശരിപ്പകർപ്പാണ് ഈ സാ



ധനം. ഇതേപ്പറ്റി ബെന്നിഹീൻ പറയുന്നത് ഇതാണ്:

**Suffering Christ Desk Ornament**

The original of this Suffering Christ desk tile, given to him by a dear friend of the ministry, sits on Pastor Benny Hinn's office desk. He cherishes it because it is a constant reminder that Jesus Christ, the Lamb of God, suffered and paid the ultimate price on the cross of Calvary. As Isaiah 53:5 declares, "He was wounded for our transgre-ssions, he was bruised for our iniquities: the chastisement of our peace was upon him; and with his stripes we are healed."

ഇവ കൂടാതെ മറ്റനേകം വിഗ്രഹങ്ങളും ബെന്നിഹീൻ കച്ചവടം ചെയ്യുന്നുണ്ട്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന ലിങ്കുകൾ സന്ദർശിക്കുക.

വിഗ്രഹാരാധന എന്നത് കൊടിയ പാപമായി പഴയ നിയമത്തിലും പുതിയ നിയമത്തിലും ഒന്നുപോലെ പറഞ്ഞിരിക്കുന്നു. വിശ്വാസവീരനായിരുന്ന ഗിദയോൻ ഒരു ഏഫോദ് ഉണ്ടാക്കിവച്ചത് അവനു കണിയായി. അതുപോലെയുള്ള ഒരു കാര്യമാണ് ഇവിടെയും സംഭവിക്കുന്നത്. ബെന്നിഹീനിന്റെ സ്റ്റോറിൽ നിന്ന് ഈ വിഗ്രഹങ്ങൾ വാങ്ങുന്നവർ അതു ദിവ്യമായ വസ്തുവായി പരിഗണിക്കുക സ്വാഭാവികം. പിന്നീട് ഇവ തിരുശേഷിപ്പുകൾ പോലെ വണങ്ങപ്പെടും. കത്തോലിക്കാ സഭയിൽ നിലനിൽക്കുന്ന വിഗ്രഹ വണക്കം പോലെതന്നെയാണ് ഇതും എന്നു തീർച്ച.

പൗലോസിനേക്കാളും വലിയ അപ്പോസ്തലനാണു ബെന്നിഹീൻ എന്ന് എം.എ.വർഗീസ് ഒരിക്കൽ പറയുകയുണ്ടായി. ദൈവത്തോട് ഏറ്റവും അടുത്ത ആളായിട്ടാണു മിക്കവരും ബെന്നിഹീനിനെ കാണുന്നത്. പക്ഷേ ബെന്നിഹീൻ കടുത്ത ദുരുപദേശക്കാരനാണെന്ന വസ്തുത മിക്കവരും തിരിച്ചറിയുന്നില്ല. ഇയാൾ സത്യത്തിൽ കർത്താവായ യേശുക്രിസ്തുവിന്റെ ദാസനല്ല മാമ്മോന്റെ ദാസനാണ്. ഇയാളിൽ നിന്ന് അഭിഷേകം ഏറ്റുവാങ്ങിയെന്ന് അവകാശപ്പെടുന്നവരെ സൂക്ഷിക്കുക. അവരും മാമ്മോന്റെ ദാസൻമാർ തന്നെ.

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർ ക്രൂശിന്റെ ശത്രുക്കളാണ്. ക്രൂശിക്കപ്പെട്ട യേശുവിലല്ല അവരുടെ വിശ്വാസം. ഈ വസ്തുത അടുത്ത കാലത്ത് തങ്കു തുറന്നു സമ്മതിക്കയും ചെയ്തല്ലോ.

**For more details, Visit:**
www.bennyhinn.org/shopping/product_detail.cfm/itemid/598
www.bennyhinn.org/shopping/shopsubcategory.cfm?id=5


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**

# ഡബ്ല്യൂ. എം. ഇ. – ഭോഷ്ക്കു പറയുന്നതാര്?

ചെറുതും വലുതുമായ നിരവധി പെന്തക്കോസ്ത് സഭകൾ കേരളത്തിലുണ്ട്. അവയിൽ നിന്നെല്ലാം അംഗങ്ങൾ പിരിഞ്ഞുപോകുകയും പുതിയ അംഗങ്ങൾ വരുകയും ചെയ്യുക പതിവാണ്. പക്ഷേ പിരിഞ്ഞുപോകുന്ന വ്യക്തി താൻ വിട്ടുപോന്ന സഭയുടെ വസ്തുവകകൾ ഏറ്റെടുക്കുക എന്നത് ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നായി പ്രഖ്യാപിച്ചുകൊണ്ട് പുതിയ സംഘടന രജിസ്റ്റർ ചെയ്യാറില്ല. എന്നാൽ രാജുക്കുട്ടി അതും ചെയ്തു. സംശയമുള്ളവർ രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നാലാമത്തെ ഐറ്റം നോക്കുക:

To take over the management of the Independet Church of God in India and the World Missionary Evangelism Church (the former names in which the society was known) with its movable and immovable properties.

എങ്ങനെയുണ്ട് രാജുക്കുട്ടിയെന്ന പരമ പുണ്യാളന്റെ വിദ്യ! യഥാർത്ഥ ഡബ്ല്യൂ.എം.ഇയുടെ മാനേജ്മെന്റും വസ്തുവകകളും ഏറ്റെടുക്കുക എന്നതാണ് രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയുടെ ഒരു ലക്ഷ്യം. എന്തിന് ഡബ്ല്യൂ.എം.ഇ മാത്രമാക്കുന്നു, എല്ലാ പെന്തക്കോസ്ത് സഭകളുടേയും വസ്തുവകകൾ ഏറ്റെടുക്കുക എന്നത് ഉദ്ദേശ്യലക്ഷ്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താമായിരുന്നില്ലേ? മോഷ്ടിക്കാൻ തീരുമാനിച്ചാൽ പിന്നെ ഉടമസ്ഥനാരെന്നു നോക്കുന്നതെന്തിന്?

രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇ വ്യാജ ഡബ്ല്യൂ.എം.ഇ ആണെന്നു ഡിഫെൻഡർ എഴുതുന്നതിനു മുൻപ് രാജുക്കുട്ടിയോടോ രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയിൽ ഉള്ളവരോടോ ചോദിച്ചില്ല എന്നത് അത്യന്തം ഗൗരവമുള്ള പ്രശ്നമായാണു രാജുക്കുട്ടി സങ്കീർത്തനത്തിൽ പറയുന്നത്. ഈ വാദത്തിന്റെ പിന്നിലുള്ള ലോജിക്ക് പിടികിട്ടുന്നില്ല. കള്ളനോട് 'നീ കള്ളനാണോ' എന്നു ചോദിച്ചാൽ എന്തു മറുപടിയാകും കിട്ടുക എന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. രാജുക്കുട്ടി ഡാളസ് ആസ്ഥാനമായുള്ള യഥാർത്ഥ ഡബ്ല്യൂ.എം.ഇയിലെ അംഗമായിരുന്നു എന്ന വസ്തുത രാജുക്കുട്ടി പോലും നിഷേധിക്കുന്നില്ല. രാജുക്കുട്ടി ഈ പ്രസ്ഥാനവുമായി ബന്ധം വിട്ടതായി പത്രക്കുറിപ്പിറക്കുകയോ പരസ്യമായി പ്രസ്താവിക്കയോ ചെയ്തിരുന്നില്ല. മാത്രമല്ല, ഡബ്ല്യൂ.എം.ഇ എന്ന പേരു പയോഗിച്ചുതന്നെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. അതുകൊണ്ടാണ് രാജുക്കുട്ടി ഇപ്പോൾ ഡബ്ല്യൂ.എം.ഇയിലെ അംഗമാണോ എന്നു ഡബ്ല്യൂ.എം.ഇയുടെ പ്രസിഡന്റിനോട് ഡിഫെൻഡർ ചോദിച്ചത്. അതിനുള്ള മറുപടി ഡബ്ല്യൂ.എം.ഇയുടെ പ്രസിഡന്റ് തികച്ചും ഔദ്യോഗികമായി തരുകയും ചെയ്തു. രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇ ഡ്യൂപ്ലിക്കേറ്റാണെന്നു ഡിഫെൻഡർ മനസ്സിലാക്കിയത് ഈ വിധത്തിലാണ്. ഈ നടപടിക്രമം എങ്ങനെയാണു തെറ്റാകുന്നത്? ഒരു വ്യക്തി ഏതെങ്കിലും ഒരു സംഘടനയിലെ അംഗമാണെന്ന് അവകാശപ്പെടുന്നു. ഈ അവകാശവാദം സത്യമാണോ എന്നറിയാൻ ആ വ്യക്തിയോടല്ല സംഘടനയുടെ തലവനോടാണു ചോദിക്കേണ്ടത്. ഡിഫെൻഡർ ചെയ്തതും ഇതാണ്.

പുതിയ സംഘടന രജിസ്റ്റർ ചെയ്തശേഷം പഴയ സംഘടനയുടെ ലേബലിൽ രാജുക്കുട്ടി പ്രവർത്തിച്ചിട്ടില്ലെന്നും തങ്ങളുടേത് പുതിയ ഡബ്ല്യൂ.എം.ഇ ആണെന്ന് ഏവേയും അറിയിച്ചെന്നുമാണ് രാജുക്കുട്ടി സങ്കീർത്തനത്തിൽ പറയുന്നത്. സാക്ഷാൽ ചെകുത്താൻ പോലും ഇത്ര വലിയ കള്ളം പറയുമെന്നു തോന്നുന്നില്ല. തെളിവുകൾ ഇതാ:

2005 നവംബർ രണ്ടാം തീയതിയാണ് രാജുക്കുട്ടി പുതിയ ഡബ്ല്യൂ.എം.ഇ രജിസ്റ്റർ ചെയ്തത്. പക്ഷേ 2005 ഡിസംബർ 19ന് അന്നത്തെ ഗവർണ്ണറായ ആർ.എൽ.ഭാട്ടിയയ്ക്ക് രാജുക്കുട്ടി അയച്ച കത്തിന്റെ ഹെഡിൽ വേൾഡ് മിഷനറി ഇവാൻജലിസം ഓഫ് ഇന്ത്യ എന്നാണ് എഴുതിയിരിക്കുന്നത്.



മാത്രമല്ല യഥാർത്ഥ ഡബ്ല്യൂ.എം.ഇയുടെ രജിസ്ട്രേഷൻ നമ്പരായ 182/69 എന്നും എഴുതിയിട്ടുണ്ട്. സംഘടനയുടെ പ്രസിഡന്റായി ജോൺ കാത്കാർട്ട് എന്നും എഴുതിയിരിക്കുന്നു. ഇതെന്തു മായാജാലമാണു രാജുക്കുട്ടീ? ആരോ പറയുന്നതുകേട്ട് ഡിഫെൻഡർ എന്തൊക്കെയോ എഴുതുകയാണെന്നും ഡിഫെൻഡറിനു കൂടുതൽ വിവരങ്ങളൊന്നും അറിഞ്ഞുകൂടാ എന്നും ധരിച്ചാകാം രാജുക്കുട്ടി നല്ലപിള്ള ചമയാൻ ശ്രമിച്ചത്. രാജുക്കുട്ടി ഒരു കാര്യം മനസ്സിലാക്കണം: കേട്ടുകേഴ്വികളുടെ അടിസ്ഥാനത്തിൽ ഡിഫെൻഡർ ഒന്നും എഴുതുകയില്ല. ആവശ്യമായ എല്ലാ തെളിവുകളും ശേഖരിച്ചശേഷമേ ഡിഫെൻഡർ വാർത്ത പ്രസദ്ധീകരിക്കൂ.

ഗവർണ്ണർക്കുള്ള കത്തിൽ രാജുക്കുട്ടി ഇപ്രകാരം പറയുന്നു: "World Mission Evangelism Church of God is the largest indigenous Christian Pentecostal organization in India". രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയിൽ ആകെമൊത്തം ടോട്ടൽ എത്ര സഭകളുണ്ട്? സഭ എന്ന പേരിന് അർഹമായ നൂറെണ്ണം കണ്ടേക്കാം. കൂടാതെ, അഞ്ചോ പത്തോ അംഗങ്ങളുള്ള ചെറിയ കുറെ കൂടിവരവുകളും കാണും. ഇതാണോ രാജുക്കുട്ടീ ഇന്ത്യയിലെ ഏറ്റവും വലിയ സ്വദേശീയ പെന്തക്കോസ്ത് സംഘടന? കള്ളം പറയുന്നതിനും വേണ്ടേ ഒരതിരൊക്കെ.

രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇ രജിസ്റ്റർ ചെയ്തത് 2005 നവംബർ രണ്ടിനാണെന്നു പറഞ്ഞുകഴിഞ്ഞല്ലോ. അതുകഴിഞ്ഞ് ആദ്യമായി ജനറൽ കൺവൻഷൻ നടത്തുന്നത് 2006 ജനുവരി 9–15 തീയതികളിലാണ്. പക്ഷേ ഇതു വേൾഡ് മിഷനിൽ ഇവാൻജലിസം സഭയുടെ 57–ാം ജനറൽ കൺവൻഷനായിരുന്നു എന്നു രാജുക്കുട്ടി പറയുന്നു. ഇതെന്തു മറിമായം? പഴയ ഡബ്ല്യൂ.എം.ഇയുടെ കൺവൻഷനുകൾ കൂടി രാജുക്കുട്ടി സ്വന്തം സഭയുടെ അക്കൗണ്ടിൽ ചേർത്തതാണോ? എങ്കിലും കണക്കു ശരിയാകുകയില്ല. കാരണം, പഴയ ഡബ്ല്യൂ.എം.ഇ രജിസ്റ്റർ ചെയ്തത് 1969ൽ ആണ്. അങ്ങനെയെങ്കിൽ 37–ാമതു വാർഷിക കൺവൻഷനല്ലേ 2006ൽ നടത്താൻ പറ്റൂ. ഇതൊക്കെ ഏതാനും വർഷം പഴക്കമുള്ള കള്ളങ്ങൾ.

2008 ഡിസംബർ 6ന് രാജുക്കുട്ടി ''ഡബ്ല്യൂ.എം.ഇ 60–ാമത് ദേശീയ കൺവൻഷൻ ജനു. 5ന് ആരംഭിക്കും'' എന്ന തലക്കെട്ടോടെ പുറത്തിറക്കിയ പത്രക്കുറിപ്പിന്റെ ആദ്യ വാചകം ഇതാണ്: ''വേൾഡ് മിഷൻ ഇവാൻജലിസം ദൈവസഭയുടെ 60–ാമത് ദേശീയ ജനറൽ കൺവൻഷൻ ജനുവരി 5 മുതൽ 11 വരെ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ നടക്കും.''

ഭോഷ്ക്കിനു കൈയ്യും കാലും വച്ചാൽ എന്തോ അതാണ് രാജുക്കുട്ടി എന്നു വ്യക്തമല്ലേ? ഇവനെ ദൈവദാസനായി ചുമന്നുകൊണ്ടു നടക്കുന്ന വിവരദോഷികളെ ഓർത്തു പരിതപിക്കയേ നിവൃത്തിയുള്ളൂ. നാണമില്ലെങ്കിൽ പിന്നെ എന്തും ആകാമല്ലോ.

തട്ടിപ്പ് ഇവിടംകൊണ്ടും അവസാനിക്കുന്നില്ല. 2006ലെ ജനറൽ കൺവൻഷന്റെ മഹത്വം വാഴ്ത്തിപ്പാടുന്ന ഇവാൻജലിസം സപ്ലിമെന്റിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: ''2005ൽ ഡബ്ല്യൂ.എം.ഇ ഇന്റർനാഷണൽ ഗവേണിംഗ് ബോർഡ് അദ്ദേഹത്തെ (രാജുക്കുട്ടിയെ) ഇന്ത്യയുടെ ഡബ്ല്യൂ.എം.ഇ സഭകളുടെ ദേശീയ ചെയർമാൻ പദവിയിലേക്കുയർത്തി.'' രാജുക്കുട്ടി സ്വന്തം ഡബ്ല്യൂ.എം.ഇ ഉണ്ടാക്കി ദേശീയ ചെയർമാനായ കാര്യമല്ല ഇവിടെ പറയുന്നതെന്നു പ്രത്യേകം ശ്രദ്ധിക്കുക. ''ഡബ്ല്യൂ.എം.ഇ ഇന്റർനാഷണൽ ഗവേണിംഗ് ബോർഡ്'' രാജുക്കുട്ടിയെ ദേശീയ ചെയർമാനാക്കി എന്നാണു പറയുന്നത്. 2005 നവംബർ 2ന് യഥാർത്ഥ ഡബ്ല്യൂ.എം.ഇയുമായുള്ള ബന്ധം വിട്ട് പുതിയ സംഘടന ഉണ്ടാക്കിയ വീരൻ 2006ലെ ജനറൽ കൺവൻഷനിൽ ഡബ്ല്യൂ.എം.ഇയുടെ ദേശീയ പ്രസിഡന്റായി ഇന്റർനാഷണൽ ഗവേണിംഗ് ബോർഡിനാൽ നിയമിക്കപ്പെട്ടവനായി വിലസുകയാണ്. അമേരിക്കൻ ബന്ധം വിട്ടതും പുതിയ ഡബ്ല്യൂ.എം.ഇ ഉണ്ടാക്കിയതും മറ്റും സഭാംഗങ്ങളെ അറിയിച്ചിരുന്നു എന്നു രാജുക്കുട്ടി പറയുന്നതു കളവല്ലേ?

ഈ പ്രസിദ്ധീകരണത്തിന്റെ രണ്ടാം പേജിൽ മറ്റൊരു ബോക്സ് ന്യൂസുണ്ട്. അതിന്റെ ആദ്യ വാചകം: ''ഡബ്ല്യൂ.എം.ഇ ദേശീയ അദ്ധ്യക്ഷ പദവിയിലേക്ക് ഉയർത്തപ്പെട്ട റവ.ഒ.എം.രാജുക്കുട്ടിക്ക് ഡബ്ല്യൂ.എം.ഇ കേരള സ്റ്റേറ്റ് കൗൺസിൽ ആവേശോജ്വലമായ സ്വീകരണം 57–ാമത് കരിയംപ്ലാവ് കൺവൻഷന്റെ ഉദ്ഘാടന ദിവസം നൽകി.'' രാജുക്കുട്ടി സ്വന്തം ഡബ്ല്യൂ.എം.ഇ ഉണ്ടാക്കിയ വിവരം സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളെ അറിയിച്ചിരുന്നില്ലെന്ന് വ്യക്തമല്ലേ. തീർന്നില്ല, ബാക്കി അടുത്ത ലക്കത്തിൽ.

## നിയമനടപടി എവിടംവരെയായി?

രാജുക്കുട്ടിയുടെ തട്ടിപ്പുകൾക്കെതിരെ എഴുതിയാൽ ശക്തമായ നിയമനടപടികളുണ്ടാകും എന്നു രാജുക്കുട്ടി സങ്കീർത്തനം ദ്വൈവാരികയിലൂടെ വ്യക്തമാക്കിയിരുന്നു. സത്യം പറയുന്നതു തടയാൻ ഈ രാജ്യത്തു നിയമമില്ലാതിരിക്കെ രാജുക്കുട്ടി എന്തു നടപടിയാണ് എടുക്കുക എന്നറിഞ്ഞുകൂടാ. ഏതായാലും കഴിഞ്ഞ മൂന്നു മാസമായി ഡിഫെൻഡർ രാജുക്കുട്ടിയുടെ തട്ടിപ്പുകൾക്കെതിരെ എഴുതിക്കൊണ്ടിരിക്കുന്നു. കേരളശബ്ദത്തിലും വാർത്ത വന്നു. പക്ഷേ രാജുക്കുട്ടി ഒരു നിയമനടപടിയും സ്വീകരിച്ചതായി അറിവില്ല.

രാജുക്കുട്ടി എന്ന തട്ടിപ്പുവീരനോട് ഡിഫെൻഡറിനു പറയാനുള്ളതിതാണ്: താൻ ആണാണെങ്കിൽ പറഞ്ഞ വാക്കു പാലിക്കുക. ഡിഫെൻഡറിനെതിരെ നിയമനടപടി സ്വീകരിക്കുക. അതിനു കഴിയുന്നില്ലെങ്കിൽ താൻ ഇനി സാരിയുടുത്തോ ചുരിദാറിട്ടോ നടക്കുക.


## എം. പി. 3 സി. ഡികൾ ലോക്ക് ചെയ്യൂ കോപ്പിയടി അസാധ്യമാക്കൂ

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

കൂടുതൽ വിവരങ്ങൾക്ക്: 96564 32921


# പി. ജി. വർഗീസിന്റെ അറിവിലേക്ക്

ജനുവരി ലക്കം ഇന്ത്യൻ മെസഞ്ചറിൽ 'അത്ഭുതങ്ങൾ പ്രവഹിക്കുവാൻ വിശ്വാസത്തിന്റെ പരീക്ഷണം ആവശ്യം' എന്ന തലക്കെട്ടിൽ പി.ജി.വർഗീസ് എഴുതിയ കത്താണ് ഈ കുറിപ്പിന് ആധാരം. വിശ്വാസത്താൽ വൻകാര്യങ്ങൾ നേടാമെന്നതിനു സംശയമില്ല. പക്ഷേ വിശ്വാസം എന്ന വിഷയവുമായി ബന്ധപ്പെട്ട് പി.ജി. വർഗീസ് എഴുതുന്ന ലേഖനങ്ങളിലും നടത്തുന്ന പ്രസംഗങ്ങളിലും വചനവിരുദ്ധമായി ചിലതൊക്കെ ഉണ്ട് എന്ന വസ്തുത ചൂണ്ടിക്കാണിക്കട്ടെ.

വിശ്വാസം കേഴ്വിയാലും കേഴ്വി ദൈവത്തിന്റെ വചനത്താലും വരുന്നു എന്നാണ് ബൈബിൾ പറയുന്നത്. ദൈവവചനത്തിൽ അധിഷ്ഠിതമായ വിശ്വാസം മാത്രമാണ് ശരിയായ വിശ്വാസം. ദൈവവചനത്തിൽ ആധാരമില്ലാത്ത വിശ്വാസം ദൈവീകമല്ല. ഇത്തരം വിശ്വാസത്തിലൂടെ ദൈവത്തെ പ്രസാദിപ്പിക്കുവാനോ ദൈവത്തിൽനിന്ന് എന്തെങ്കിലും പ്രാപിക്കുവാനോ കഴിയുന്നതല്ല. വചനത്തിൽ അടിസ്ഥാനമില്ലാത്ത വിശ്വാസത്തിലൂടെ ആരെങ്കിലും നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അവിടെ വെളിപ്പെട്ടതു ദൈവകരമല്ല.

വല്ലവന്റേയും സ്ഥലം കണ്ടു മോഹിച്ച് അതിൽ പൈസ കുഴിച്ചിടുന്നതു ദൈവീകമല്ല. മോഹിക്കരുത് എന്ന കല്പന ലംഘിച്ച് എന്തു ചെയ്താലും അതിൽ ദൈവം പ്രസാദിക്കയില്ല. വല്ലവന്റേയും പറമ്പിൽ പൈസ കുഴിച്ചിട്ടു പ്രാർത്ഥിക്കുന്നത് ഒരുവക ആഭിചാരമാണ്. മന്ത്രവാദികൾ ഇതിനോടു സമാനമായ കർമ്മങ്ങൾ ചെയ്യാറുണ്ട്. അതു പലപ്പോഴും ഫലിക്കാറുമുണ്ട്. അതുകൊണ്ട് 'പ്രാർത്ഥന ഫലിച്ചു' എന്നത് ദൈവപ്രവൃത്തിയുടെ തെളിവായി എടുക്കരുത്.

പി.ജി.വർഗീസിന്റെ പ്രസംഗത്തിലും എഴുത്തിലും മിക്കപ്പോഴും വിഷയമാകുന്നത് ഭൗതീക നേട്ടങ്ങളാണ്. പണം, പ്രശസ്തി, നല്ല വീട്, വാഹനം, ഉയർന്ന വിദ്യാഭ്യാസം തുടങ്ങിയതൊക്കെ വിശ്വാസത്താലും പ്രാർത്ഥനയാലും നേടിയ കാര്യങ്ങളാണ് സാധാരണയായി പി.ജി.വർഗീസ് പറയുന്നത്. ഇതു ശരിയായ നടപടിയല്ല. ഭൗതീക നേട്ടങ്ങൾ കൈവരിക്കാനുള്ള ഫലപ്രദമായ വഴിയാണ് യേശുവിലുള്ള വിശ്വാസം എന്നത്രേ ഇതിലൂടെ പി.ജി. വർഗീസ് പറഞ്ഞുവയ്ക്കുന്നത്. ഇത്തരത്തിലുള്ള പ്രസംഗം കർത്താവിന്റെ ദാസൻമാരായ അപ്പോസ്തലൻമാർ ഒരിക്കലും നടത്തിയിട്ടില്ല. അവരുടെ എഴുത്തുകളിൽ ഇതൊന്നുമല്ല കാണുന്നത്. അതുകൊണ്ട് പി.ജി.വർഗീസിന്റെ കണ്ണ് മാമ്മോനിൽ നിന്ന് യേശുവിലേക്കു തിരിയണം. മാമ്മോന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതു നിർത്തിയിട്ട് ക്രൂശിന്റെ വചനം പ്രസംഗിക്കണം.

പി.ജി.വർഗീസിനെ ദൈവദൂതനേപ്പോലെ പരിഗണിക്കുന്ന ആയിരങ്ങളുണ്ട്. അവരെ മാമ്മോനിലേക്കും അവൻ നൽകുന്ന ഉയർച്ചയിലേക്കും വഴിതിരിച്ചുവിടുന്ന പരിപാടിയെ സുവിശേഷവേല എന്നു വിളിക്കാനാവില്ല. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വയ്പ്പീൻ എന്നതാണ് ഭൗതീകാനുഗ്രഹങ്ങളേക്കുറിച്ചുള്ള തിരുവചന നിലപാട്. ഇതിനപ്പുറമുള്ള ഒരുപദേശവും ദൈവീകമല്ല, ദൈവീകമാകാൻ കഴിയുന്നതുമല്ല.

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan